# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമ്പാവൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പെരുമ്പാവൂർ-പി.ഒ

ഇ-മെയിൽ: mlpbvr.ksad@kerala.gov.in
ഫോൺ : 0484-2522230

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ പി ബി എം(എ2)200/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പെരുമ്പാവൂർ-പി.ഒ
തീയ്യതി: 14/12/2021
ഇ-മെയിൽ:
mlpbvr.ksad@kerala.gov.in
ഫോൺ: 0484-2522230

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പെരുമ്പാവൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പെരുമ്പാവൂർ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പാവൂർ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-17,1-18,1-19,1-28,1-34,1-35,2-1,2-2,3-1,3-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2.സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
3.ഡയറക്ടർ,മുനിസിപ്പൽ ഭരണവകുപ്പ്,തിരുവനന്തപുരം
4.റീജിയണൽ ജോയിൻറ് ഡയറക്ടർ,മുനിസിപ്പൽ ഭരണവകുപ്പ്,എറണാകുളം
5.കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ പി ബി എം(എ2)200/2021 തീയ്യതി: 14/12/2021

## എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കിഷോർ തോമസ് .എം | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-08-2020 | 30-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.മത്തായി.എം.എം(ഓഡിറ്റ് ഓഫീസർ.ഹ.ഗ്രേ)

2.ശ്രീ.സ്റ്റാർ പി.ജോൺ(അസി,ഓഡിറ്റ് ഓഫീസർ)

3.ശ്രീമതി.ഷൈനി.പി.എം(അസി,ഓഡിറ്റ് ഓഫീസർ)

4.ശ്രീ.അഗസ്റ്റിൻ.സി തേവർകുന്നേൽ(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സതി ജയകൃഷ്ണൻ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.യു.എസ്.സതീശൻ | സെക്രട്ടറി | 01-04-2019 | 31-10-2019 |
| ശ്രീമതി.നീതുലാൽ ബി | സെക്രട്ടറി | 01-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ഷാനി.എം.എം | മെഡിക്കൽ ഓഫീസർ,അലോപ്പതി | 01-04-2019 | 14-11-2019 |
| ഡോ.മധു,ബി | മെഡിക്കൽ ഓഫീസർ,അലോപ്പതി | 15-11-2019 | 15-01-2020 |
| ഡോ.ഷാനി.എം.എം | മെഡിക്കൽ ഓഫീസർ,അലോപ്പതി | 16-01-2020 | 31-03-2020 |
| ഡോ.സ്റ്റെല്ല ഡേവിഡ് | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ,ജി.സജികുമാർ | മെഡിക്കൽ ഓഫീസർ,മൃഗസംരക്ഷണം | 01-04-2019 | 31-03-2020 |
| ശ്രീ.ബോബി ഈപ്പൻ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സീനത്ത്.എ | കൃഷി ഫീൽഡ് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സൈനബ.ഐ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 08-12-2019 |
| ശ്രീമതി.ദിവ്യ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 09-12-2019 | 31-03-2020 |
| ഡോ.നദാഷ തെരേസ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി.യു.അംബിക | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.പ്രേമ് രാജ് | സി.ഡി.എസ് പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജനം | 01-04-2019 | 07-09-2019 |
| ശ്രീ.ബിയറൻ.പി.പി | സി.ഡി.എസ് പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര | 08-09-2019 | 29-09-2019 |

| | | | |
|---|---|---|---|
| | നിർമ്മാർജ്ജനം | | |
| ശ്രീ.അരുൺ സോബി | സി.ഡി.എസ് പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജനം | 30-09-2019 | 31-03-2020 |
| ശ്രീമതി.സുധ.എം.എസ് | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 03-08-2019 |
| ശ്രീ.ബദറുദിൻ,വി | ഹെൽത്ത് സൂപ്പർവൈസർ | 04-08-2019 | 31-03-2020 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 29-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 29-11-2021) | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെൻറ് പ്രകാരം)<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: Star P John (Asst. Audit Officer, On 30-11-2021) | 1-4 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-5 |
| 6 | പദ്ധതി അവലോകനം<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-6 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Augustine C Thevarkunnel (Auditor, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-7 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Augustine C Thevarkunnel (Auditor, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-8 |
| 9 | ക്യാഷ് പരിശോധന<br>Written By: Augustine C Thevarkunnel (Auditor, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: M.M. Mathai (Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 29-11-2021) | 1-11 |
| 12 | വാർഡ് സഭ<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-12 |
| 13 | സ്റ്റാൻറിംഗ് കമ്മിറ്റി<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-13 |
| 14 | റഗുലർ പെൻഷൻ ഫണ്ട്<br>Written By: Shyni P M (Senior Grade Auditor, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-14 |
| 15 | കണ്ടിജൻറ് പെൻഷൻ ഫണ്ട്<br>Written By: Shyni P M (Senior Grade Auditor, On 26-11-2021) | 1-15 |

| | | |
|---|---|---|
| | Last Updated By: Kishore Thomas M (Deputy Director, On 14-12-2021) | |
| 16 | വാർഷിക ധനകാര്യ പത്രിക<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-16 |
| 17 | കെട്ടിടങ്ങളുടെ വാടക ഈടാക്കാത്തത്<br>Written By: Shyni P M (Senior Grade Auditor, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 01-12-2021) | 1-17 |
| 18 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Shyni P M (Senior Grade Auditor, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-18 |
| 19 | കുത്തക ലേലം നടത്തിപ്പിലെ അപാകത<br>Written By: Augustine C Thevarkunnel (Auditor, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-19 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് -ടോപ്പ്<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-20 |
| 21 | താലൂക്ക് ആയുർവ്വേദ ആശുപത്രിക്ക് ഫർണീച്ചർ വാങ്ങൽ-<br>Written By: Augustine C Thevarkunnel (Auditor, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-21 |
| 22 | ട്രൈസൈക്കിൾ-വീൽബാരോ-വാങ്ങൽ<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-22 |
| 23 | മരം വെട്ടിമാറ്റൽ നിയമാനുസൃതമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല<br>Written By: Shyni P M (Senior Grade Auditor, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-23 |
| 24 | ആയിത്തറ കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-24 |
| 25 | പുറമ്പോക്ക് സ്ഥലത്തിൽ കിണർ അറ്റകുറ്റപ്പണി<br>Written By: Star P John (Asst. Audit Officer, On 26-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 01-12-2021) | 1-25 |
| 26 | ടൗൺ ഹാളിലേക്ക് കസേര വാങ്ങൽ<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-26 |
| 27 | താലൂക്കാശുപത്രി ബയോഗ്യാസ് പ്ലാൻറ് -അറ്റകുറ്റപ്പണി<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-27 |
| 28 | താലൂക്ക് ആശുപത്രിയിൽ വിവിധ ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ<br>Written By: Augustine C Thevarkunnel (Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-28 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് 'മേശയും കസേരയും' വിതരണം<br>Written By: Augustine C Thevarkunnel (Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-29 |
| 30 | ജീവിത ശൈലീ രോഗനിയന്ത്രണ പദ്ധതി നടത്തിപ്പിലെ അപാകത<br>Written By: Augustine C Thevarkunnel (Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-30 |
| 31 | ആശ്രയ പദ്ധതി-വീട്അറ്റകുറ്റപ്പണി(ജനറൽ)<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-31 |
| 32 | കിണർ അറ്റകുറ്റപ്പണി<br>Written By: Star P John (Asst. Audit Officer, On 27-11-2021) | 1-32 |

| | | |
|---|---|---|
| | Last Updated By: M.M. Mathai (Audit Officer, On 30-11-2021) | |
| 33 | ഗാർഹിക മാലിന്യ സംസ്കരണം- തുക പാഴാക്കി<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-33 |
| 34 | വല്ലം പഴയപാലം മുതൽ പുഴയിലേക്ക് പോകുന്ന തോടിൻറ പുനരുദ്ധാരണം<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: Star P John (Asst. Audit Officer, On 30-11-2021) | 1-34 |
| 35 | പാറക്കുളം ചിറ നവീകരണം<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-35 |
| 36 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-36 |
| 37 | ചെലവു രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Augustine C Thevarkunnel (Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-37 |
| 38 | ടൗൺ ഹാളിലേക്ക് വഴിക്ക് സ്ഥലംഏറ്റെടുക്കൽ<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-38 |
| 39 | സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും നഗരസഭ സംസ്ഥാന ഫണ്ടിലേക്ക് അടവാക്കിയത്<br>Written By: Shyni P M (Senior Grade Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-39 |
| 40 | ലൈബ്രറി സെസ് കുടിശ്ശിക അടവാക്കുന്നത്<br>Written By: Shyni P M (Senior Grade Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 01-12-2021) | 1-40 |
| 41 | ഗ്രാൻറ് തുക വിനിയോഗിക്കാതെ തിരിച്ചടച്ചു<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 29-11-2021) | 1-41 |
| 42 | ബയോഗ്യാസ് പ്ലാൻറ് വിതരണം<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-42 |
| 43 | മൃഗാശുപത്രിക്ക് മരുന്ന വാങ്ങൽ-പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖാ ലംഘനം<br>Written By: Kishore Thomas M (Deputy Director, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-43 |
| 44 | പേവിഷ നിർമ്മാർജ്ജനം-പദ്ധതി നടത്തിപ്പിൽ അപാകത<br>Written By: Kishore Thomas M (Deputy Director, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 1-44 |
| 45 | ഒറ്റത്തവണ നികുതി ഈടാക്കാതെ കെട്ടിട നികുതി നിർണയം നടത്തിയത്<br>Written By: Shyni P M (Senior Grade Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-45 |
| 46 | പദ്ധതി നിർവ്വഹണ വിവരം<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 29-11-2021) | 1-46 |
| 47 | ഡി&-ലൈസൻസ് പുതുക്കിയില്ല<br>Written By: Shyni P M (Senior Grade Auditor, On 30-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-47 |
| 48 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്<br>Written By: Shyni P M (Senior Grade Auditor, On 30-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-48 |

| | | |
|---|---|---|
| 49 | ഇൻകം ടാക്സ് ഈടാക്കാത്തത്<br>Written By: Augustine C Thevarkunnel (Auditor, On 30-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-49 |
| 50 | മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ക്ഷേമപെൻഷൻ തുക ക്രെഡിറ്റ് ചെയ്തു<br>Written By: Augustine C Thevarkunnel (Auditor, On 30-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 1-50 |
| 51 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (SCP)<br>Written By: Shyni P M (Senior Grade Auditor, On 30-11-2021)<br>Last Updated By: Shyni P M (Senior Grade Auditor, On 30-11-2021) | 1-51 |
| ഭാഗം **2** | | |
| 1 | ഡി&-ലൈസൻസ് പുതുക്കിയില്ല<br>Written By: Shyni P M (Senior Grade Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 2-1 |
| 2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്<br>Written By: Shyni P M (Senior Grade Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 2-2 |
| 3 | ഇൻകം ടാക്സ് ഈടാക്കാത്തത്<br>Written By: Augustine C Thevarkunnel (Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 2-3 |
| ഭാഗം **3** | | |
| 1 | മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ക്ഷേമപെൻഷൻ തുക ക്രെഡിറ്റ് ചെയ്തു<br>Written By: Augustine C Thevarkunnel (Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 3-1 |
| 2 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (SCP)<br>Written By: Shyni P M (Senior Grade Auditor, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 30-11-2021) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 29-11-2021) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 01-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 29-11-2021) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 01-12-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ-<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 14-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 01-12-2021) | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 29-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: Kishore Thomas M (Deputy Director, On 14-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Star P John (Asst. Audit Officer, On 27-11-2021)<br>Last Updated By: M.M. Mathai (Audit Officer, On 01-12-2021) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

26/03/2019തീയതിയിലെ ഒന്നാം തീരുമാനപ്രകാരം 2019-20 വർഷത്തെ ബജറ്റ് നഗരസഭ കൗൺസിൽ അംഗീകരിച്ചു.2019-20-ലെ പുതുക്കിയ ബജറ്റ് 24.03.2020-ലെ കൗൺസിൽ യോഗം 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| വരവ് | | | |
|---|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് | വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് | വ്യത്യാസം | ശതമാനം |
| 283627678 | 188821552 | 94806126 | 33.43.% |
| ചെലവ് | | | |
| ബജറ്റ് പ്രകാരമുള്ള ചെലവ് | വാർഷികധനകാര്യപത്രിക പ്രകാരമുള്ള ചെലവ് | വ്യത്യാസം | ശതമാനം |
| 267581924 | 200856517 | 66725407 | 24.94% |

ബജറ്റിലെ വരവ് തുകയും ബജറ്റിലെ ചെലവ് തുകയും യഥാക്രമം വാർഷികധനകാര്യപത്രിക പ്രകാരമുള്ള വരവ് തുകയുമായും വാർഷികധനകാര്യപത്രിക പ്രകാരമുള്ള ചെലവ് തുകയുമായും പൊരുത്തപ്പെടുന്നില്ല. യാഥാർത്ഥ്യബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കിയാൽ ഇത്തരം അപാകതകൾ ഒഴിവാക്കാവുന്നതാണ്. വരും വർഷങ്ങളിൽ മേൽ അപാകതകൾ നിർബന്ധമായും ഒഴിവാക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2020 | 24/07/2020 | 18/08/2020 | 19/08/2020 |

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്ട്-9(1) -ൽ വ്യക്തമാക്കുന്ന പ്രകാരം ഓഡിറ്റിനു വേണ്ടി അക്കൗണ്ടുകൾ തയ്യാറാക്കി യഥാസമയം സമർപ്പിക്കുവാനുള്ള ബാധ്യത നഗരസഭ നിർവ്വഹിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | പരിശോധിച്ച തീയതി | |
|---|---|---|
| 2019-20 | 08/07/2021 | കെ.എസ്.എ.പി.ബി.എം(എ2)112/2021-22/07/2021 |

വാർഷികധനകാര്യപത്രിക സർട്ടിഫിക്കേഷനായി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1-16-ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെൻറ് പ്രകാരം)

| 2019-20 | |
|---|---|
| മുന്നിരിപ്പ് | 39931442.26 |
| വരവ് | **188821552.00** |
| ആകെ | 228752994.26 |
| ചെലവ് | **200856517.00** |
| നീക്കിയിരിപ്പ് | 27896477.26 |

നഗരസഭയുടെ തന്നാണ്ടത്തെ വരവിനെക്കാളും തന്നാണ്ടത്തെ ചെലവ് അധികരിച്ചിട്ടുണ്ട് . മുന്നിരിപ്പ് ഉകയുൾപ്പെടുത്തി മാത്രമേ തന്നാണ്ടത്തെ ചെലവ് ക്രമീകരിക്കാൻ നഗരസഭക്ക് കഴിയുന്നുള്ളൂ .വരവിനങ്ങളിലെ പ്രധാനവരുമാന സ്രോതസായ കെട്ടിട നികുതി,തൊഴിൽ നികുതി,മറ്റ് പ്രധാന നികുതി വരവുകൾ എന്നിവ പൂർണ്ണമായി കുടിശ്ശിക ഒഴിവാക്കി നഗരസഭയിലേക്ക് മുതൽക്കൂട്ടാൻ സധിച്ചാൽ മാത്രമേ സാമ്പത്തിക ഞെരുക്കത്തിൽ നിന്നും നഗരസഭക്ക് കരകയറാൻ സാധിക്കുകയുള്ളൂ. സാമ്പത്തിക ഞെരുക്കം പദ്ധതി നടത്തിപ്പിനെ പിന്നോട്ടടിപ്പിക്കുന്നതും നഗരസഭയുടെ സമഗ്ര പുരോഗതിയെ സാരമായി ബാധിക്കുന്നതുമാണ് .ഈ സാഹചര്യം നഗരസഭ ഗൗരവത്തോടുകൂടെ വിലയിരുത്തേണ്ടതാണ്.തനതു വരുമാനംവർദ്ധിപ്പിക്കുന്നതിനും പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 00 | 16630725 | 16630725 | 16630725 | 00 |
| വികസനഫണ്ട് എസ്.സി.പി. | 00 | 5523165 | 5523165 | 5523165 | 00 |
| വികസനഫണ്ട് ടി.എസ്.പ | 00 | 57000 | 57000 | 57000 | 00 |
| സംരക്ഷണഗ്രാന്റ് റോഡ് | 00 | 13061245 | 13061245 | 13061245 | 00 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 00 | 6056914 | 6056914 | 6056914 | 00 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 00 | 10555255 | 10555255 | 10555255 | 00 |
| പെർഫോമൻസ് ഗ്രാന്റ്- KLSGDP | 00 | - | - | - | 00 |

| | | | | | | | |
|---|---|---|---|---|---|---|---|
| സാക്ഷരത | | | 3158 | - | 3158 | 3158 | 00 |
| ദുരിതാശ്വാസ നിധി | | | 41276 | 71944 | 113220 | 295 | 112925 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | | 4261973.00 | 147066 | 4409039 | 470046 | 12105 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | - | - | - | 3926888 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | പി.എം.എ.വൈ | 7225811 | 5924727 | 13150538 | 7106169 | 6044369 |
| | | എൻ. യു. എൽ.എം | 254926 | 1347582 | 1602508 | 734079 | 868429 |
| | | ശുചിത്വ മിഷൻ | 4475855 | - | 4475855 | 565737 | 3910118 |
| | | IDSMT | 7626 | 10263 | 17889 | 10000 | 7889 |
| സംസ്ഥാന ആവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | 00 | - | - | - | 00 |
| ജോയിൻറ് വെഞ്ചർ അക്കൗണ്ട് | ബ്ലാക്ക് പഞ്ചായത്ത് | | 00 | - | - | - | 00 |
| | ജില്ലാ പഞ്ചായത്ത് | | 00 | - | - | - | 00 |
| ബി ഫണ്ട് | | | 00 | 18888100 | 18888100 | 18888100 | 00 |
| ജനറൽ പർപ്പസ് ഗ്രാൻറ് | | | 3819522 | 12761427 | 16580949 | 13735873 | 2845076 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (SBI) | | 7222974.96 | | | | 1761881.96 |
| | ട്രഷറി അക്കൗണ്ട് | PF/TPI-145 | 1718207 | 12993160 | 14711367 | 9500048 | 5211319 |
| | | TPA-163 (RP) | 158761 | - | 158761 | - | 158761 |
| | | TPA-108 (CP) | 442980 | - | 442980 | - | 442980 |
| HDFC | | | | 3100768 | 3100768 | 3076954 | 23814 |
| മറ്റിനം | | | 9340000.3 | 20717345 | 30057345.30 | 23766635 | 6290710.30 |
| കാഷ് | | | 958372 | 206100 | 1164472 | 958372 | 206100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം % |
|---|---|---|---|---|---|---|
| 267 | 151142394 | 150 | 54695097 | - | 117 | 43.82% |

തൻവർഷം 267-പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും ആകെ പൂർത്തീകരിക്കാൻ സാധിച്ചത് 56.17% മാത്രമാണ്. 43.83% പദ്ധതികളും പൂർത്തിയാക്കാത്ത പദ്ധതികളാണ്.ഇതിൽ പ്രധാനമായ പദ്ധതികളെല്ലാം തന്നെ മരാമത്ത് വേലകൾ ആണെന്നത് ശ്രദ്ധേയമാണ്.നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ വിമുഖത കാണിക്കുന്നതും ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റിക്കും നഗരസഭ കൗൺസിലിനും പദ്ധതിനിർവ്വഹണത്തിൽ കൂട്ട് ഉത്തരവാദിത്വം ഇല്ലാത്തതും പദ്ധതികൾ ഉപേക്ഷിക്കാൻ കാരണമായിട്ടുണ്ട്.പദ്ധതിനിർവ്വഹണം പൂർണ്ണതോതിൽ നടപ്പിലാക്കാൻ നഗരസഭ കൗൺസിലും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരും കൂട്ടായ പരിശ്രമം നടത്തി നഗരസഭയുടെ പ്രാദേശിക വികസനം സാധ്യമാക്കേണ്ടതാണ്. നഗരസഭയിൽ പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ അവശേഷിക്കുന്നില്ല.

## 1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4261973.00 | 147066 | 4409039 | 470046 | 12105 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 3926888 | |
| ആകെ | 4261972.00 | 147066 | 4409039 | 4396914 | |

പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു-

| | | |
|---|---|---|
| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | പട്ടികജാതി | 13 |
| | പട്ടികവർഗ്ഗം | - |
| | മറ്റുള്ളവർ | 145 |
| | ആകെ | 158 |
| തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | | 158 |
| തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | | 158 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | പട്ടികജാതി | 4067 |

| | | |
|---|---|---|
| | പട്ടികവർഗ്ഗം | - |
| | മറ്റുള്ളവർ | 11633 |
| | ആകെ | 15700 |
| 100-ദിവസം തൊഴിൽ ലഭിച്ചവർ | | 73 |
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവർത്തികൾ | | 141 |
| പൂർത്തീകരിച്ച പ്രവർത്തികൾ | | 29 |
| സാമ്പത്തികവർഷത്തെ ആകെ വരവ് | | 4409039 |
| സാമ്പത്തികവർഷത്തെ ആകെ ചെലവ് | | 4396914 |
| നീക്കിയിരിപ്പ് | | 12105 |

സ.ഉ.(കൈ)നം.216/2017/തീ.03.11.2017 -ലെ ഖണ്ഡിക (1-1) പ്രകാരം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് ലഭിച്ച ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കുകയെന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം ഖണ്ഡിക (1.4.2)പ്രകാരം തൊഴിൽ കാർഡുള്ള ഒരു കുടുംബത്തിന് (തൊഴിലിനായി അപേക്ഷിക്കുന്ന അംഗങ്ങൾക്കാകെ) സംസ്ഥാന പദ്ധതിയുടെ സഹായത്തോടെ പരമാവധി നൂറ് ദിവസം തൊഴിൽ ലഭിക്കുന്നതിനുള്ള അവകാശവും ഉണ്ട്.എന്നാൽ നഗരസഭയിൽ ആകെ തൊഴിൽ നല്കപ്പെട്ട 218-പേരിൽ 73-പേർക്ക് മാത്രമേ നൂറ് ദിവസം തൊഴിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളൂ.അതായത് 33.48% അംഗങ്ങൾക്കു മാത്രമേ 100%തൊഴിൽ ലഭ്യത ഉറപ്പാക്കിയിട്ടുള്ളൂ. ഇത്തരം അപാകതകൾ നഗരസഭ വിലയിരുത്തേണ്ടതും തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷക തൊഴിലാളി പെൻഷൻ | 720600 | 176 |
| വിധവാ പെൻഷൻ | 5718600 | 1083 |
| വാർദ്ധക്യകാല പെൻഷൻ | 10646700 | 2130 |
| വികലാംഗ പെൻഷൻ | 1609600 | 314 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 192600 | 41 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 2019-20സാമ്പത്തിക വർഷം ഈയിനത്തിൽ തുക ലഭിച്ചിട്ടില്ല. | - |
| തൊഴിൽ രഹിത വേതനം | ഇല്ല | ഇല്ല |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.03.2020-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 206100/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ചുള്ള പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു-2018-19 കാലയളവിൽ ഇത്തരം അപാകതകൾ നിലനിന്നിരുന്നു.

(എ)വസ്തുനികുതി- വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ ധനകാര്യ സ്ഥിരം സമിതി യഥാകാലം നികുതി പിരിവ് മോണിട്ടർ ചെയ്യുന്നില്ല. കുടിശ്ശികയായിട്ടുള്ള വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ബി)തൻപതിവേട്- തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ആയത് യഥാസമയം തീർപ്പാക്കിയതിന്റെ വിവരം രേഖപ്പെടുത്തുകയോ, രജിസ്റ്ററുകൾ പ്രകാരം മാസാവസാനം തീർപ്പാക്കിയതിന്റെയും ഇനി അവശേഷിക്കുന്നവയുടെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(സി)ഓഫീസ് മീറ്റിംഗ് മിനുട്സ് ബുക്ക്- സൂക്ഷിക്കുന്നില്ല. ജീവനക്കാരുടെ യോഗം കൃത്യമായ ഇടവേളകളിൽ വിളിച്ചു കൂട്ടേണ്ടതും മിനുട്ട്സ് എഴുതി സൂക്ഷിക്കേണ്ടതുമാണ്.

(ഡി)രജിസ്റ്ററുകളുടെ പരിപാലനം -പ്രധാനപ്പെട്ട വരവിനങ്ങളായ കെട്ടിട നികുതി, തൊഴിൽ നികുതി, വാടക, ഡി&ഒ ലൈസൻസ്,വിനോദ നികുതി എന്നീയിനങ്ങളുടെ ഡി.സി.ബി. രജിസ്റ്റർ എഴുതിസൂക്ഷിക്കുകയോ, ആയത് വാർഷികധനകാര്യ പത്രികയിലെ വരവുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.2016 മുതൽ0 2.07.2016 വരെ | 2014-15, 2015-16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2020 | 2017-18, 2018-19 | 20.05.2020 |

## 1-12 വാർഡ് സഭ

എല്ലാ വാർഡ് സഭാ യോഗത്തിലും ആകെ വോട്ടർമാരുടെ നിയമാനുസൃതമായ ക്വാറം തികക്കാൻ സാധിച്ചിട്ടില്ല. ക്രമപ്രകാരമുള്ള ഇടവേളകളിൽ വാർഡ് സഭ വിളിച്ചുചേർത്തിട്ടുണ്ട്.എന്നാൽ മിക്ക യോഗങ്ങളിലേയും പ്രധാനമായ അജണ്ട പദ്ധതികൾക്ക് ആവശ്യമായ ഗുണഭോക്തൃലിസ്റ്റ് രൂപീകരണം, ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ എന്നിവ മാത്രമായി ചുരുങ്ങുന്നതായി കാണുന്നു. നഗരസഭാ പദ്ധതികൾക്ക് നൂതനമായ ആശയങ്ങൾ ലഭ്യമാക്കാൻ വാർഡ് സഭാ യോഗത്തിന് സാധിക്കുന്നില്ല.തുടർ കാലങ്ങളിൽ വാർഡ് സഭാ യോഗങ്ങളിൽ കൂടിയ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതും ആയതിന് അതീവ പ്രാധാന്യം നല്കേണ്ടതുമാണ്.

## 1-13 സ്റ്റാൻറിംഗ് കമ്മിറ്റി

1.വിദ്യാഭ്യാസ കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി

08/05/2019-ലെ മീറ്റിംഗിൽ ഗവ.ഗേൾസ് ഹൈസ്കൂളിൽ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഫോട്ടോസ്റ്റാറ്റ് ,സ്കാനർ,പ്രിൻറർ മെഷീൻ,ലോക്കർസൗകര്യമുള്ള അലമാരകൾ,പ്യൂരിഫൈയർ,250-കസേരകൾ എന്നിവ അനുവദിച്ച് നല്കുന്നതിനും,മുറികളുടെ പെയിൻറിംഗ് നടത്തുന്നതിനും ജി.ജി.എച്ച്.എസ് പ്രിൻസിപ്പാൾ കത്ത് സമർപ്പിച്ചിരുന്നു.എന്നാൽ നാളിതുവരെ യാതൊരു തുടർ നടപടിയും നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

2.ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി

അപേക്ഷ സ്വീകരിക്കുന്ന വേളയിൽ തന്നെ അർഹതാ മാനദണ്ഡങ്ങൾ തെളിയിക്കുന്ന പൂർണ്ണമായ രേഖകൾ സഹിതം കൈപ്പറ്റുന്നതിനും ആവശ്യമായ രേഖകൾ ഇല്ലാതെ സമർപ്പിക്കുന്നവ അക്കാരണത്താൽ തന്നെ ഉടൻ നിരസിക്കുന്നതിനും ആവശ്യമായ രേഖകളില്ലാതെ സ്വീകരിക്കുന്ന അപേക്ഷകൾ നടപടി സ്വീകരിക്കാൻ വൈകുന്നതിന്റെ ഉത്തരവാദിത്വം പ്രാദേശിക സർക്കാരിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കുന്നതിനും എടുത്ത തീരുമാനങ്ങൾ എങ്ങും എത്താതെ അവസാനിച്ചു.ബാലസംരക്ഷണ സമിതി(സി.പി.സി)യുടെ ശാക്തീകരണത്തിനുവേണ്ടി 2018-19 വർഷം കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പ്രസിദ്ധീകരിച്ച ശില്പശാല റിപ്പോർട്ടിലെ പേജ് 21-29,71-74,83-84 തുടങ്ങിയ ഭാഗങ്ങൾ പ്രോജക്ട് തയ്യാറാക്കുന്നവരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് 10/01/2020-ലെ 4697/എ3/2018/കേ.സം.ബാലാവകാശ കമ്മീഷൻ കത്ത് ലഭിച്ചിരുന്നു എങ്കിലും തുടർ നടപടികൾ

സ്വീകരിക്കപ്പെട്ടിട്ടില്ല.

3.മരാമത്ത്കാര്യ സ്റ്റാൻറിംഗ് കമ്മിറ്റി

21.05.2019-ലെകമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അജണ്ട 5/pw3-7769/19 പ്രകാരം പെരുമ്പാവൂർ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സ്കൂളിലെ കഞ്ഞിപ്പുര പ്രവർത്തിക്കുന്ന താല്ക്കാലിക കെട്ടിടം പൊളിച്ചുമാറ്റേണ്ടി വരുമെന്നും ആയതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും കാണിച്ച് കൗൺസിൽ ഹെഡ്മാസ്റ്റർക്ക് നല്കിയ കത്ത് കമ്മിറ്റിക്ക് നല്കണമെന്നും ഇത് മാറ്റുന്നതിനുള്ള അധികാരം എൽ.എസ്.ജി.ഡി.എഞ്ചിനീയർക്കാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.ആയത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

4.ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി

12/06/2019-ലെ അജണ്ട ഡി.ആർ.4/12037/15 പ്രകാരം നഗരസഭ വക ഇരിങ്ങോൾ നാഗഞ്ചേരി മനയും പാർക്കും വാർഷിക ലീസ് വ്യവസ്ഥയിൽ കുത്തകയ്ക്ക് ഏറ്റെടുത്ത് നടത്തുന്നതിന് താല്പര്യമുള്ളവരിൽ നിന്നും 24.05.2019-ൽ താൽപര്യപത്രം ക്ഷണിക്കുകയും ഒരാൾ കുത്തകയേൽക്കുകയും തുടർന്ന് കരാർ ഉപേക്ഷിച്ച് പോകുകയും ചെയ്തു. തുടർ നാളുകളിൽ കൊറോണ കഠിനമായതിനാൽ പാർക്ക് അടച്ചിടുകയും തുടർ പ്രവർത്തങ്ങൾ സാധ്യമാകാതെ വരുകയും ചെയ്തു. തുടർ പ്രവർത്തനം സംബന്ധിച്ച് നഗരസഭ യാതൊരു തീരുമാനവും സ്വീകരിച്ചിട്ടില്ല.

25.07.2019 മീറ്റിംഗിലെ അജണ്ട 11/ആർ37401/16പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ലോറി സ്റ്റാൻറ് പേ&പാർക്കിംഗ് കുത്തക വ്യവസ്ഥയിൽ ലേലം ചെയ്യുന്നതിന് ബൈലോ അംഗീകരിച്ചിരുന്നു.20-ഓളംനിബന്ധനകൾ രൂപീകരിച്ച് തയ്യാറാക്കിയ നിയമാവലി നഗരസഭ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.24/09/2019-ലെ അജണ്ട3/41-2399/91 പ്രകാരം ജി.സി.ഡി.എയുടെ അധികാരപരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ആകെ വരുമാനത്തിന്റെ 5% തുക അടവാക്കേണ്ടതാണ്.നഗരസഭക്ക് പ്രയോജനമില്ലാത്തതിനാൽ ടി-തുക അടവാക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.വികസനപ്രവർത്തനങ്ങൾ സാധ്യമാകുന്ന മേഖലകൾ കണ്ടെത്തുന്ന ഒരു പൊതുമേഖലാ സംരംഭത്തെ അവഗണിക്കുന്നത് ഭൂഷണമാണൊയെന്ന് നഗരസഭ വിലയിരുത്തേണ്ടതാണ്. 24/09/2019-ലെ അജണ്ട13ആർ4-10921/15 പ്രകാരം മുനിസിപ്പൽഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക വർദ്ധനവുമായി ബന്ധപ്പെട്ട് ലൈസൻസികൾ ഒഴിവായി പോകുന്നു. അന്യസംസ്ഥാന തൊഴിലാളികൾ നിരോധിത പുകയില ഉല്പന്നങ്ങൾ വില്ക്കുന്നതിനും വാങ്ങുന്നതിനും സമ്മേളിക്കുന്നതിനാൽ നാട്ടുകാരായ കുടുംബങ്ങൾ സാധനങ്ങൾ വാങ്ങുന്നതിനു വരാത്തതും പ്രധാന കാരണമായി വ്യാപാരികൾ നഗരസഭയെ ബോധിപ്പിച്ചിട്ടുണ്ട്.ഇത്തരം പ്രശ്നങ്ങൾ തടുക്കുന്നതിന് നഗരസഭ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

03.01.2021-ലെ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ യോഗത്തിന്റെ നടപടിക്രമത്തിൽ നഗരസഭയുടെ വിവിധ ഭാഗങ്ങളിലെ സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി നഗരസഭക്ക് കീഴിലുള്ള ഒന്നാം മൈൽ ജംഗ്ഷൻ,സിവിൽ സ്റ്റേഷൻ ജംഗ്ഷൻ,ഇരിങ്ങോൾ പോസ്റ്റോഫീസ് ജംഗ്ഷൻ,ജ്യോതി തീയേറ്റർ ജംഗ്ഷൻ,പൂപ്പാനി ജംഗ്ഷൻ എന്നിവിടങ്ങളിൽ സ്വന്തം ചെലവിൽ കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് "എംമ്പയർ ആഡ്സ് "എന്ന സ്ഥാപനത്തിന് 23.05.2018-ലെ 10-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അനുമതി നല്കുകയും ആയതിന് ആവശ്യമായ നിബന്ധനകൾ വയ്ക്കുകയും സ്റ്റാൻറിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.എന്നാൽ ആയത് സംബന്ധിച്ച് യാതൊരു തുടർ പ്രവർത്തനവും സാധ്യമായിട്ടില്ല.24.03.2020-ലെ കമ്മിറ്റി അജണ്ട 24/ജി1-4217/30 പ്രകാരം നഗരസഭക്ക് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിലേയ്ക്കായി അക്വക്യാളിറ്റി മാനേജ്മെൻറ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന് സ്ഥാപനം സമർപ്പിച്ച പ്രോപ്പോസലിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

5-വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി

30/04/2019,7/6/19,29/7/19,31/8/19,30/9/19,31/10/19,28/11/19,11/12/19,9/1/20,29/2/20,27/3/20 എന്നീ ദിവസങ്ങളിൽ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്.മിക്ക യോഗത്തിലേയും പ്രധാന അജണ്ട കൃഷി, മൃഗസംരക്ഷണം, എന്നീ വിഷയങ്ങളെ മാത്രം അവലോകനം ചെയ്യുകയെന്നതായിരുന്നു. എന്നിരുന്നാലും കൃത്യമായ ഇടവേളകളിൽ തന്നെ യോഗനടപടികൾ കൂടിയിട്ടുണ്ട്.

6-ആരോഗ്യകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി

07/05/2019-ൽ കൂടിയ യോഗത്തിലെ അജണ്ട 3-പി.എച്ച്.2-7259/19-പ്രോജക്റ്റ് ഗ്രീൻ ഗ്രാസ്സ് പ്രകാരം സംസ്ഥാനത്തെ റോഡുകൾക്ക് ഇരുവശവുമുള്ള വേസ്റ്റ് ഡംബ്ബിംഗ് സൈറ്റുകൾ പൊതുമരാമത്ത് കണ്ടെത്തി കൃത്യമായ മാപ്പ് ചെയ്ത് തദ്ദേശ സ്ഥാപനവുമായി ലിങ്ക് ചെയ്ത് തദ്ദേശ സ്വയംഭരണ വകുപ്പ്,ശുചിത്വമിഷൻ എന്നിവയുടെ സഹകരണത്തോടെ മാലിന്യ നിർമ്മാർജ്ജനം നടത്തണമെന്നും പി.ഡബ്ല്യു.ഡി മാപ്പ് ചെയ്യുന്ന പി.ഡബ്ല്യു.ഡി റോഡുകൾക്ക് ഇരുവശവുമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടി- സ്ഥാപനങ്ങളുമായി സഹകരിക്കണമെന്നും സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് നല്കണമെന്നും അറിയിച്ചിരുന്നു,എന്നാൽ ഇതിൻമേൽ തുടർ പ്രവർത്തനങ്ങൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

07/09/2019-ലെ അജണ്ട2-പി,എച്ച്2-6198/17 മുനിസിപ്പൽ കൗൺസിലിന്റെ 25/05/2019-ലെ 16-നമ്പർ തീരുമാനപ്രകാരം 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് അനുസരിച്ച് സമയബന്ധിതമായി ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശം വന്നിരുന്നു.സാനിട്ടറി ലാൻറ് ഫില്ലിംഗിന് സ്ഥലം കണ്ടെത്തുക, ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് സ്ഥലം കണ്ടെത്തുക,മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കൽ, മാലിന്യ സംസ്കരണത്തിന് RRF,MRF എന്നിവ സ്ഥാപിക്കൽ എന്നീ തീരുമാനങ്ങൾ പൂർത്തീകരണത്തിൽ എത്തിക്കാൻ നഗരസഭക്ക് ഇതുവരെവരെ സാധിച്ചിട്ടില്ല.

05/08/2019-ലെ അജണ്ട2-പി.ഡബ്ല്യു.3-8223/19 പ്രകാരം മോഡുലാർ ടോയ് ലറ്റുകൾ,വാട്ടർ കിയോസ്കുകൾ,സെക്യൂരിറ്റി ക്യാബിനുകൾ എന്നിവ കുറഞ്ഞ സമയത്തിനുള്ളിൽ സ്ഥാപിച്ച് നല്കുന്നതാണെന്ന് കാണിച്ചുകൊണ്ട് മോഡേൺ ഡിസ്ട്രിബ്യൂട്ടേഴ്സ് ലിമിറ്റഡ്,അങ്കമാലി എന്ന സ്ഥാപനം നഗരസഭയെ സമീപിച്ചിരുന്നു,എന്നാൽ തുടർ നടപടികൾ

സ്വീകരിച്ചിട്ടില്ല.

23.09.2019-ലെ യോഗത്തിലെ അജണ്ട6-പി.എച്ച്1-14865/14 പ്രകാരം കളക്ടേഴ്സ് @സ്കൂൾ പദ്ധതി നഗരസഭയിലെ സ്കൂളുകളിൽ ആരംഭിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 04.9.2019-ലെ ബഹു.കളക്ടറുടെ 700/SBM /SLWM/2019 കത്ത് പ്രകാരം ഖരമാലിന്യം വേർതിരിച്ച് കൈമാറുന്നതിനുള്ള ശീലം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തിയെടുക്കുക,അല്ലാത്ത മാലിന്യങ്ങൾ പരമാവധി പുനരുപയോഗവും പുനചംക്രമണവും സാധ്യമാക്കി പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുന്ന ശീലം വിദ്യാർത്ഥികളിൽ വളർത്തുക എന്നീ ലക്ഷ്യങ്ങൾ നാളിതുവരെ സാധ്യമായിട്ടില്ല.

കളക്ടേഴ്സ് @സ്കൂൾ പദ്ധതിപ്രകാരം നഗരസഭയിലെ സർക്കാർ സ്കൂളുകളിലേയും എയ്ഡഡ് സ്കൂളുകളിലെയും ബിന്നുകളിൽ മിനി എം.സി.എഫുകൾ സ്ഥാപിക്കുന്നതിനുവേണ്ടി വരുന്ന തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നതിന് ശുപാർശ വന്നെങ്കിലും തുടർനടപടികളൊന്നും നടന്നിട്ടില്ല.

## 1-14 റഗുലർ പെൻഷൻ ഫണ്ട്

01/04/2019 മുതൽ31/03/2020വരെ

| ഫണ്ട് | തുക | റിമാർക്സ് |
|---|---|---|
| നഗരസഭ വിഹിതം മുന്നിരിപ്പ് അടവാക്കേണ്ട തുക | 2828729.00 | 31/03/2019-ലെ നഗരസഭ രേഖകൾ പ്രകാരം 14819450,DUA രേഖകൾ പ്രകാരം 11197535 രൂപയുമാണ് നിലവിലെ മുന്നിരിപ്പ്. |
| തന്നാണ്ടത്തെ നഗരസഭാ വിഹിതം | 2249986.00 | - |
| ആകെ | 5078716.00 | - |
| അടവാക്കിയ തുക | ഇല്ല. | - |
| അടവാക്കാൻ അവശേഷിക്കുന്ന തുക | 2249986.00 | - |
| സാമ്പത്തിക വർഷം വന്ന ചെലവ് | 15801944.00 | - |
| പെൻഷൻഫണ്ടിൽ നിന്നും തന്നാണ്ട് നഗരസഭക്ക് ലഭിച്ച വിഹിതം( DUA) | 00 | - |
| വിഹിതം ലഭിക്കാത്ത കാലയളവിൽ നഗരസഭ അഡ്ജസ്റ്റ് ചെയ്ത തുക | 10637217.00 | - |
| ബാക്കി തുക | 00 | - |
| നീക്കിയിരിപ്പ് ബാങ്ക്(SBI) ട്രഷറി | 56011.00<br>00 | - |

നഗരസഭ തനതുഫണ്ടിൽ നിന്നും പെൻഷൻ തുക പ്രതിമാസം ബാങ്ക് വഴി നൽകി വരുന്നു.ആയതിനാൽ നിലവിൽ നഗരകാര്യ ഡയറക്ടറുടെ പെൻഷൻ ഫണ്ടിലേക്ക് പ്രതിമാസ പെൻഷൻ ഫണ്ട് അടച്ചു വരുന്നില്ല.

## 1-15 കണ്ടിജൻറ് പെൻഷൻ ഫണ്ട്

01/04/2019 മുതൽ31/03/2020വരെ

| ഫണ്ട് | തുക | റിമാർക്സ് |
|---|---|---|
| നഗരസഭ വിഹിതം മുന്നിരിപ്പ് അടവാക്കേണ്ട തുക | - | - |
| തന്നാണ്ടത്തെ നഗരസഭാ വിഹിതം | 1085596.00 | - |
| ആകെ | 1085596.00 | - |
| അടവാക്കിയ തുക | ഇല്ല. | - |
| അടവാക്കാൻ അവശേഷിക്കുന്ന തുക | 1085596.00 | - |
| സാമ്പത്തിക വർഷം വന്ന ചെലവ് | 7206168.00 | - |
| പെൻഷൻഫണ്ടിൽ നിന്നും തന്നാണ്ട് നഗരസഭക്ക് ലഭിച്ച വിഹിതം(DUA) | ഇല്ല. | - |
| വിഹിതം ലഭിക്കാത്ത കാലയളവിൽ നഗരസഭ അഡ്ജസ്റ്റ് ചെയ്ത തുക(31.03.2018) | 7206168.00 | - |
| ബാക്കി തുക | ഇല്ല. | - |
| നീക്കിയിരിപ്പ് . | . | . |
| ബാങ്ക്-എസ്.ബി.ഐ- | ഇല്ല. | . |
| ട്രഷറി- | ഇല്ല. | . |

## 1-16 വാർഷിക ധനകാര്യ പത്രിക

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1.കെട്ടിട നികുതി രജിസ്റ്റർ തൻവർഷ ഇൻകം&എക്സ്പെൻഡീച്ചർ ഷെഡ്യൂൾ(1-1)-മായി പൊരുത്തപ്പെടുന്നില്ല.

2.തൊഴിൽ നികുതി രജിസ്റ്റർ തൻവർഷ ഇൻകം&എക്സ്പെൻഡീച്ചർ ഷെഡ്യൂൾ(1-1)-മായി പൊരുത്തപ്പെടുന്നില്ല.

3.വിനോദ നികുതി രജിസ്റ്റർ തൻവർഷ ഇൻകം&എക്സ്പെൻഡീച്ചർ ഷെഡ്യൂൾ(1-1)-മായി പൊരുത്തപ്പെടുന്നില്ല.

4.വാടക രജിസ്റ്റർ തൻവർഷ ഇൻകം&എക്സ്പെൻഡീച്ചർ ഷെഡ്യൂൾ(1-3)-മായി പൊരുത്തപ്പെടുന്നില്ല.

5.ഡി&ഒ-യുടെ രജിസ്റ്റർ തൻവർഷ ഇൻകം&എക്സ്പെൻഡീച്ചർ ഷെഡ്യൂൾ(1-4)-മായി പൊരുത്തപ്പെടുന്നില്ല.

6.കുടിശ്ശിക ഡി.സി.ബി രജിസ്റ്ററുകൾ ബാലൻസ് ഷീറ്റ് (2018-19-B-15)-മായി പൊരുത്തപ്പെടുന്നില്ല.

7.കുടിശ്ശിക ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള അരിയർ കളക്ഷൻ തുക(RP-43)2019-20-വർഷ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.(2016-17-മുതൽ ഇതേ അപാകത നിലനിൽക്കുന്നു)

8.തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം&എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.(ഇൻകം&എക്സ്പെൻഡീച്ചർ-ഷെഡ്യൂൾ-1-16,കേ.മു.ച.54(5).എച്ച് )മുൻവർഷ അപാകത തുടരുന്നു.

9.RP(40-a) ബാങ്ക്,RP(40-b)ബാങ്ക് -ട്രഷറി അക്കൗണ്ടിൽ 8997/-രൂപ എന്ന് കാണിക്കുന്ന അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 കെട്ടിടങ്ങളുടെ വാടക ഈടാക്കാത്തത്

നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിട വാടക രജിസ്റ്റർപരിശോധനയിൽ താഴെ ചേർക്കുന്ന മുറികളുടെ 2019-20 വർഷത്തെ വാടക നാളിതുവരെ അടവാക്കാത്ത ലൈസൻസികൾ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ-

| നം | ബിൽഡിംഗിൻെറ പേര്/ബിൽഡിംഗ് | ലൈസൻസിയുടെ പേര് വിലാസം | വാടക കുടിശിക/മാസം | വാടക നിരക്ക് |
|---|---|---|---|---|
| - | യാത്രി നിവാസ് ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 1 | YN-32 | കൺവീനർ ടെക്നോവേൾഡ് & ഐ.റ്റിസെന്റർ,കുടുംബശ്രീ. യൂണിറ്റ് | 01/16-03/20 | 1667/- |
| - | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഓൾഡ് ബ്ലോക്ക് | | | |
| 2 | PBSOB 41 | രവികുമാർ, സുദർശന പെരുമ്പാവൂർ | 10/15-03/20 | 7620/- |
| 3 | PBS NB B93 | പ്രവീണ ശിവരാജ്, നാട്ടുവാണി, കാഞ്ഞിരക്കാട് | 04/19-03/20 | 873/- |
| 4 | PBS NB D58 | വൈ.എം.റഷീദ്, വല്ലൂരാൻ, തണ്ടേക്കാട്, പോഞ്ഞശ്ശേരി | 10/19-03/20 | 1016/- |
| 5 | LB 96 | ആർ.പി.ചുമ്മാർ | 04/19-03/20 | 66/- |
| 6 | LB 196 | സി.ബി.ജമീല അബ്സിനിയ ലെയ്ൻ | 04/19-03/20 | 36/- |
| - | വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 7 | D 31 | മധുസൂദനൻ നായർ, മാവേലിൽ, ഇരിങ്ങോൾ | 10/17-03/20 | 4000/- |
| 8 | D 32 | മധുസൂദനൻ നായർ, മാവേലിൽ, ഇരിങ്ങോൾ | 04/19-03/20 | 3000/- |
| 9 | D 62 | ജോഫിൻ ജോസ്, കീച്ചേരി | 04/14-03/20 | 2100/- |
| 10 | E 4 | എസ്.എ.മുഹമ്മദ്, പ്രസിഡന്റ് നെഹ്റു ശാസ്ത്രം പഠന കേന്ദ്രം | 12/18-03/20 | 1050/- |
| 11 | E 7 | ജോർജ്ജ് കുര്യാക്കോസ്, പാണ്ടിക്കുടിയിൽ, ഇരിങ്ങോൾ | 2018-19=<br>2019-20= | 11576/-<br>12134/- |
| - | FV Block | | | |
| 12 | FV 9 | അജ്ജമോൻ ഫെർണാണ്ടസ്, ഫ്രെയ്സ് വില്ല, കുവപ്പടി | 12/19-03/20 | 1500/- |
| 13 | FV 13 | രാജകുമാരി ശിവൻ, മനയ്ക്കപ്പടി, ആശ്രമം സ്കൂൾ, ഒന്നാം മൈൽ | 10/19-03/20 | 1500/- |
| 14 | FV 21 | വിജയൻ എം.എച്ച്, മുരിത്തോട്ടത്തിൽ, പിണ്ടിമന | 04/17-03/20 | 1083/- |
| 15 | FV 24 | വിജയൻ എം.എച്ച്, മുരിത്തോട്ടത്തിൽ, പിണ്ടിമന | 01/15-03/20 | 1083/- |

ഓഡിറ്റ് എൻക്വയറി നം.25- പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും മറുപടിയിൽ വാടക ഈടാക്കിയതും തുടർ നടപടികൾ സ്വീകരിച്ചതുമായ വിഷയങ്ങൾ സംബന്ധിച്ച് വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വാടക ഈടാക്കിയ വ്യക്തികളെ ഒഴിവാക്കിയും നാളിതുവരെ വാടക അടവാക്കാത്തവരെ ഉൾപ്പെടുത്തിയുമാണ് വിവരങ്ങൾ ചേർത്തിരിക്കുന്നത്.വാടക ഈടാക്കുന്നതിലെ തുടർ നടപടിവിവരങ്ങൾ രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

(എ)കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്245- പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ കൂടി 60-ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിൽ ചെയ്യുകയോ തൊഴിൽ സംരംഭത്തിൽ ഏർപ്പെടുകയോ

ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി അടക്കേണ്ടതാണ്. അല്ലെങ്കിൽ മറ്റെതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ തൊഴിൽനികുതി അടച്ച എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ നഗരസഭ പ്രദേശത്ത് താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ-

| ക്രമനം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി | സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | പ്രൊപ്രൈറ്റർ, ന്യൂസ്റ്റാർ ഇൻഡസ്ട്രീസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 2 | പ്രൊപ്രൈറ്റർ,ജാസ്മിൻ,വുഡ് ഇൻഡസ്ട്രീസ് | ഈടാക്കിയിട്ടുണ്ട് | ഈടാക്കിയിട്ടില്ല |
| 3 | വി.എ.വിനു, വി.എം.പ്ലൈവുഡ് | -ടി- | ഈടാക്കിയിട്ടുണ്ട് |
| 4 | പ്രൊപ്രൈറ്റർ, ജീവശ്രീ ഡ്രഗ്സ് പെരുമ്പാവൂർ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 5 | ഡോ. ആഷിക്, അൽഷിഫ ക്ലിനിക്ക്, പെരുമ്പാവൂർ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 6 | മാനേജർ, മുത്തൂറ്റ് ഫിനാൻസ് ബ്രാഞ്ച്- 2 | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 7 | പ്രിൻസിപ്പൽ, MET സ്കൂൾ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 8 | ഡെന്നി ജോയി, TVS Modern Motors, Iringole | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 9 | എൽദോ ചെറിയാൻ, ഹെവൻ മോട്ടോഴ്സ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 10 | റിജോ ജോസഫ്, ചെന്നിലത്ത് റീജൻസീസ്, റോയൽ ഹോട്ടൽ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 11 | മാനേജർ, മുത്തൂറ്റ് ഫിനാൻസ്, എ.എം.റോഡ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 12 | ശ്രീമതി. കെ.ആർ ഓമന, കൃഷ്ണ മെഡിക്കൽസ്, പെരുമ്പാവൂർ-(1st Half) | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 13 | മാനേജർ, ഇംഗ്ലീഷ് കമ്പനി ഫാർമസ്യൂട്ടിക്കൽസ്-(2nd Half) | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 14 | മാനേജർ, Next Sales Corps, A.M.Road, പെരുമ്പാവൂർ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 15 | ജോസ് ഡോണക്, കൃപ മെഡിക്കൽസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 16 | ശ്രീകുമാർ, കുമാർ ബേക്കറി & റെസിഡൻസി | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 17 | മാനേജർ, എ.പി.കെ.റെസിഡൻസി | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 18 | ബോണി സ്ക്രീൻ ആർകിടെക്റ്റ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 19 | രാധാകൃഷ്ണകുറുപ്പ്, ലക്ഷ്മി ടിമ്പേഴ്സ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 20 | ദിൽഷാദ്, സൈറ ഗിഫ്റ്റ് ഹൗസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 21 | നൂഫ് ജാസ്മിൻ ടൂറിസ്റ്റ് ഹോം | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 22 | എൻ.കെ.ഷാജി, എൻ.പി.കെ.ജ്വല്ലറി | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 23 | ലിയോ ജോണി,നക്ഷത്ര ജ്വല്ലറി | ഈടാക്കിയിട്ടില്ല | 1st Half അടവാക്കിയിട്ടില്ല |
| 24 | ഉസ്മാൻ, മംഗല്യ സിൽകസ് സാരീസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 25 | ഇ.പി.മുഹമ്മദ്കുഞ്ഞ്, ഇഞ്ചക്കുടി മെഡിക്കൽസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 26 | പ്രിൻസിപ്പാൾ, SNITC | ഈടാക്കിയിട്ടില്ല | ബാധകമല്ല |
| 27 | പി.പി.സലിം, തത്തപ്പിള്ളി പ്ലൈവുഡ്സ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 28 | കെ.പത്മ, കുമാർ ബെക്കറി, യാത്രിനിവാസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 29 | മാനേജർ, ഫ്ലോറ റസിഡൻസി | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 30 | പ്രൊപ്രൈറ്റർ,ഓർത്തോ ദന്തിസ്റ്റിക്ക് സൂപ്പർസ്പെഷ്യാലിറ്റി | ഈടാക്കിയിട്ടുണ്ട് | ഈടാക്കിയിട്ടില്ല |
| 31 | ശ്രീ. സിയാദ്, സൈന വുഡ് പ്രൊഡക്സ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 32 | അബ്ദുൾ റഹ്മാൻ, വിനീർ യൂണിറ്റ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 33 | എൻ.കെ.ബഷീർ, നാനേത്താൻ, ഹിമായല പ്ലാസ്റ്റിക് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 34 | കെ.കരീം & ഹാഷിം, പുഞ്ചിരി ഇൻഡസ്ട്രീസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 35 | പി.കെ.അബ്ദുൾ റഹിം, എക്ലെൻ പ്ലാസ്റ്റിക്സ് | ഈടാക്കിയിട്ടില്ല | 2nd Half മാത്രം ഈടാക്കി |
| 36 | മിസറി ഒ.വൈ. പരേപ്പറമ്പിൽ വീട്, ബാബൂസ് ഫർണിച്ചർ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 37 | ജോൺസൻ ഇടപ്പുളവൻ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 38 | അലിയാർ, അലിയാർ ഇൻഡസ്ട്രീസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 39 | ഷിഹാബ്, കമ്പാനിയൻ വുഡ് ഇൻഡസ്ട്രീസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 40 | കെ.എസ്.സലിം, പീലിംഗ് യൂണിറ്റ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 41 | ജലാലുദീൻ, ട്രാവൻകൂർ പീലിംഗ് | ഈടാക്കിയിട്ടില്ല | 2nd Half മാത്രം ഈടാക്കി |
| 42 | പ്രൊപ്രൈറ്റർ, TSA എഞ്ചിനീയറിംഗ് വർക്സ് ഷോപ്പ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 43 | പ്രൊപ്രൈറ്റർ, കുന്നത്താൻ പ്ലൈവുഡ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 44 | ആർ. നാരായണസ്വാമി, പെട്രോൾ പമ്പ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 45 | പ്രൊപ്രൈറ്റർ, MVCM കെയർ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 46 | മാനേജർ, ഇഫ്ത്താർ റസ്റ്റോറന്റ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 47 | പ്രൊപ്രൈറ്റർ, ഗോപാലപണിക്കർ & സൺസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 48 | പ്രൊപ്രൈറ്റർ, സിലോൺ ബേക്കേഴ്സ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 49 | മാനേജർ, സപ്ലൈകോ | ഈടാക്കിയിട്ടുണ്ട് | ഈടാക്കിയിട്ടില്ല |
| 50 | മാനേജർ,ഫുഡ് ഗാർഡൻ | ഈടാക്കിയിട്ടുണ്ട് | ഈടാക്കിയിട്ടില്ല |
| 51 | മാനേജർ, KLA AXIVA FINNEST LTD | ഈടാക്കിയിട്ടുണ്ട് | ഈടാക്കിയിട്ടില്ല |
| 52 | മാനേജർ, പോൾ&സൺസ് കോമേഴ്സൽ & ക്രെഡിറ്റ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 53 | പ്രൊപ്രൈറ്റർ, മഞ്ജു ഒട്ടോമോട്ടിവ് പെയിന്റ്സ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 54 | മാനേജിംഗ് ഡയറക്ടർ, KSCCF Ltd Perumbavoor | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 55 | സേവ്യർ പോൾ & കാളച്ചന്ത ജോയി പോൾ (കള്ള്ഷാപ്പ്) | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 56 | മാനേജർ റിലയൻസ് സൂപ്പർമാർക്കറ്റ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 57 | ഷിബു.റ്റി.എസ്. ഡയറക്ടർ മേടയിൽ ഇൻസിനേറ്റർ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 58 | മാനേജർ, റിലയൻസ് കണക്ട് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 59 | പ്രൊപ്രൈറ്റർ, ചിപ്പി ടെക്സ്റ്റയിൽസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 60 | മാനേജർ, ഫെയ്മസ് ഫുഡ് വെയേഴ്സ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 61 | പ്രൊപ്രൈറ്റർ, ഹോട്ടൽ ഇന്ദ്രപ്രസ്ഥം | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 62 | മാനേജർ, TMS Center | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 63 | പ്രൊപ്രൈറ്റർ, ഹോട്ടൽ രാജലക്ഷ്മി | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടുണ്ട് |
| 64 | യൂണികോൺ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 65 | അൽമാസ് പർദ്ദ മാൾ | ഈടാക്കിയിട്ടുണ്ട് | ഈടാക്കിയിട്ടില്ല |

മേൽ വിവരിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും,(സർക്കാർ വകുപ്പുകൾ ഒഴികെ) സ്ഥാപനത്തിന്റെയും തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. നഗരസഭക്ക് സ്ഥാപനതൊഴിൽ നികുതിയിനത്തിൽ തന്നെ 72500/-രൂപയുടെ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണവും മറ്റ് വിവരങ്ങളും രജിസ്റ്റർ പ്രകാരം ലഭ്യമല്ലാത്തതിനാൽ വ്യക്തികളുടെ തൊഴിൽ നികുതി ഇനത്തിലെ നഷ്ടം നിജപ്പെടുത്താൻ സാധിച്ചിട്ടില്ല. നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സായ തൊഴിൽ നികുതിയിനത്തിൽ തുക പിരിച്ചെടുക്കാതെ അവശേഷിച്ചിരിക്കുന്നത് ന്യായീകരിക്കത്തക്കതല്ല. ഓഡിറ്റ് എൻക്വയറി നം.13-ന് നഗരസഭ നല്കിയ മറുപടി പരിശോധിച്ച് തുക അടവാക്കിയ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. ടി-വിഷയം സംബന്ധിച്ച് നഗരസഭയുടെ വ്യക്തമായ ഇടപെടലും വിഷയത്തിൻമേലുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

(ബി)തൊഴിൽ നികുതി കടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 253(1)- പ്രകാരം നഗരസഭയിൽ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യതയുള്ള ഓഫീസുകൾ സ്ഥാപനങ്ങളുടെ വിവരം ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നികുതി അടക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനത്തിനോ/ വ്യക്തികൾക്കോ എതിരായി തുടർനടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. വിവരം ചുവടെചേർക്കുന്നു.

| നം | സ്ഥാപന ത്തിന്റെ പേര് | ഡിമാന്റ് രജിസ്റ്റർ പ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഒരു അർദ്ധവർഷം | ഒന്നാം അർദ്ധ വർഷം ഈടാക്കിയ തൊഴിൽ നികുതി | രണ്ടാം അർദ്ധ വർഷം ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|---|---|
| 1 | ഡോ. ജോൺ ജോസഫ് ജെ.ജെ.ഡന്റൽ ക്ലിനിക് | 1350/- | 1350/- | ഈടാക്കി യിട്ടില്ല. |
| 2 | മാനേജർ പ്രീതി കിച്ചൻ അലയൻസ് | 3250/- | 3250/- | ഈടാക്കി യിട്ടില്ല. |
| 3 | മാനേജർ, ബജാജ് അലയൻസ് | 7500/- | 7500/- | ഈടാക്കി യിട്ടില്ല. |
| 4 | അസി. ലേബർ ഓഫീസർ ലേബർ ഓഫീസ് | 1250/- | 1250/- | ഈടാക്കി യിട്ടില്ല. |
| 5 | പ്രൊപ്രൈറ്റർ, | 4200/- | 4200/- | ഈടാക്കി |

| | | | | |
|---|---|---|---|---|
| | ജയരാജ് സോമിൽ | | | യിട്ടില്ല. |
| 6 | മാനേജർ, സുവർണ പാലസ് | 600/- | 600/- | ഈടാക്കി യിട്ടില്ല. |
| 7 | ശ്രീ. കെ.എം.കബീർ കരുവക്കാട്ട് മെഡിക്കൽസ് | 300/- | 300/- | ഈടാക്കി യിട്ടില്ല. |
| 8 | മാനേജർ, HDFC ബാങ്ക് | 7750/- | 7750/- | ഈടാക്കി യിട്ടില്ല. |
| 9 | ഡോ. ബബിത, പൂർണ്ണിമ മെഡിക്കൽസ്, പെരുമ്പാവൂർ | 1200/- | 1200/- | ഈടാക്കി യിട്ടില്ല. |
| 10 | ഹെഡ്മിസ്ട്രസ്, വിമല സെൻട്രൽ സ്കൂൾ | 26250/- | 26250/- | ഈടാക്കി യിട്ടില്ല. |
| 11 | സെക്രട്ടറി, അർബൻ കോ.ഓപ. ബാങ്ക് | 6250/- | 6250/- | ഈടാക്കി യിട്ടില്ല. |
| 12 | പ്രൊപ്രൈറ്റർ, വിജയ് ഡിജിറ്റൽ സ്റ്റുഡിയോ | 10350/- | 10350 | ഈടാക്കി യിട്ടില്ല. |
| 13 | റിലയൻസ് SMSL Ltd സിഗ്നൽ ജംഗ്ഷൻ പെരുമ്പാവൂർ | 1200/- | 1200/- | ഈടാക്കി യിട്ടില്ല. |
| 14 | DTO, KSRTC Depo,Pbvr | 309000/- | 309000/- | ഈടാക്കി യിട്ടില്ല. |
| 15 | മാനേജർ, അമർ ഡിജിറ്റൽ പ്രസ് | 2400/- | 2400/- | ഈടാക്കി യിട്ടില്ല. |
| 16 | രാജൻ വി.എൻ, പൂജ മെഡിക്കൽസ് | 300/- | 300/- | ഈടാക്കി യിട്ടില്ല. |
| 17 | മാനേജർ നാഷണൽ ഇൻഷ്വറൻസ് കമ്പനി | 8750/- | 8750/- | ഈടാക്കി യിട്ടില്ല. |
| 18 | പ്രിൻസിപ്പൽ, ഐഡിയൽ ഇൻസ്റ്റിറ്റ്യൂട്ട് | 1377/- | 1377/- | ഈടാക്കി യിട്ടില്ല. |
| 19 | മാനേജർ, ലക്കി തീയേറ്റർ | 600/- | 600/- | ഈടാക്കി യിട്ടില്ല. |
| 20 | ബ്രാഞ്ച് മാനേജർ, മണപ്പുറം ഫിനാൻസസ് | 4250/- | 4250/- | ഈടാക്കി യിട്ടില്ല. |
| 21 | ഡോ. എം.എ‍ൈ.ജോർജ്ജ് Skin Allergic Clinic | 1200/- | 1200/- | ഈടാക്കി യിട്ടില്ല. |
| 22 | റീന കര്യൻ, ചോയ്സ് ജ്വല്ലറി | 300/- | 300/- | ഈടാക്കി യിട്ടില്ല. |
| 23 | മാനേജർ, ഗ്രീൻലാന്റ് കോണ്ടിമെന്റ്സ് | 5130/- | 5130/- | ഈടാക്കി യിട്ടില്ല. |
| 24 | മാനേജർ, ഹോട്ടൽ അന്നപൂർണ | 3600/- | 3600/- | ഈടാക്കി യിട്ടില്ല. |
| 25 | മാനേജർ, ഗ്രീൻലാന്റ് കോണ്ടിമെന്റ്സ് | 5130/- | 5130/- | ഈടാക്കി യിട്ടില്ല. |
| 26 | അസി. എഞ്ചിനീയർ, PWD Section 3/II, ഇരിങ്ങോൾ | 13750/- | 13750/- | ഈടാക്കി യിട്ടില്ല. |

| | | | | |
|---|---|---|---|---|
| 27 | എക്സി. എഞ്ചിനീയർ, ഡിവിഷൻ നം.1, ഇരിങ്ങോൾ | 21250/- | 21250/- | ഈടാക്കിയിട്ടില്ല. |
| 28 | അസി. എഞ്ചിനീയർ, PVIIP 2/2 | 11250/- | 11250/- | ഈടാക്കിയിട്ടില്ല. |
| 29 | പ്രൊപ്രൈറ്റർ, Max Value Credits & Investments | 8750/- | 8750/- | ഈടാക്കിയിട്ടില്ല. |
| 30 | ഇബ്രാഹീം, വിനീർ യൂണിറ്റ് | 1650/- | 1650/- | ഈടാക്കിയിട്ടില്ല. |
| 31 | സേവ്യർ പോൾ &ജോയി പോൾ കാളച്ചന്ത (കളള്ഷാപ്പ്) | 240/- | 240/- | ഈടാക്കിയിട്ടില്ല. |
| 32 | മാനേജർ, ഹോട്ടൽ ഗ്രീൻപാർക്ക് | 1050/- | 1050/- | ഈടാക്കിയിട്ടില്ല. |
| 33 | AKC റോയ്സ് ലിമിറ്റഡ് | 4250/- | 4250/- | ഈടാക്കിയിട്ടില്ല. |
| 34 | സ്റ്റാഫ് പാറക്കാട്ട് പേൾസ് | 600/- | 600/- | ഈടാക്കിയിട്ടില്ല. |
| 35 | റിലയൻസ്, SMSL ലിമിറ്റഡ് ടോംസ് മാൾ (2) | 5870/- | 5870/- | ഈടാക്കിയിട്ടില്ല. |
| 36 | റിലയൻസ്, SMSL ലിമിറ്റഡ് ടോംസ് മാൾ (3) | 13290/- | -ഈടാക്കിയിട്ടില്ല. | 13290/- |
| 37 | ടെൻഡ്സ് | 2500/- | 2500/- | ഈടാക്കിയിട്ടില്ല. |
| 38 | സ്റ്റാഫ്, ഓപ്പോ ഇലക്ട്രോണിക് ഷോറൂം | 300/- | 300/- | ഈടാക്കിയിട്ടില്ല. |
| 39 | മഞ്ജു സിൽക്സ് സാരീസ് | 1200/- | 1200/- | ഈടാക്കിയിട്ടില്ല. |
| 40 | AKC റോയ്സ് ലിമിറ്റഡ് | 4250/- | 4250/- | ഈടാക്കിയിട്ടില്ല. |
| 41 | സ്റ്റാഫ്, പാറക്കാട്ട് പേൾസ് | 600/- | 600/- | ഈടാക്കിയിട്ടില്ല. |
| 42 | ഓപ്പോ സർവ്വീസ് സെന്റർ | 2000/- | 2000/- | ഈടാക്കിയിട്ടില്ല. |
| 43 | M/s വിവിഡ് ഡയഗ്നോസ്റ്റിക് സെന്റർ പെരുമ്പാവൂർ | 4700/- | 4700/- | ഈടാക്കിയിട്ടില്ല. |
| 44 | സെന്റർ ഫോർ മൈഗ്രേഷൻ & ഇൻക്ലൂസിസ് ഡവലപ്പ്മെന്റ് | 2750/- | 2750/- | ഈടാക്കിയിട്ടില്ല. |
| 45 | സ്റ്റാഫ്, NULM | 1350/- | 1350/- | ഈടാക്കിയിട്ടില്ല. |
| 46 | ജയ്ഭാരത് സോമിൽ | 4200/- | 4200/- | ഈടാക്കിയിട്ടില്ല. |
| 47 | ലക്ഷ്മി ഹോമിയോ ക്ലിനിക് | 600/- | 600/- | ഈടാക്കിയിട്ടില്ല. |
| 48 | ജ്യുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ട് | 5000+3750/- | 5000+3750/- | ഈടാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 49 | മാനേജർ, SBI, PSB ബ്രാഞ്ച് | 500/- | 500/- | ഈടാക്കിയിട്ടില്ല. |
| 50 | പോസ്റ്റ്മാസ്റ്റർ, പോസ്റ്റ് ഓഫീസ്, റയോൺപുരം | 3500/- | 3500/- | ഈടാക്കിയിട്ടില്ല. |
| 51 | JRTO | 1250/- | 1250/- | ഈടാക്കിയിട്ടില്ല. |
| 52 | ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ | 1250/- | 1250/- | ഈടാക്കിയിട്ടില്ല. |
| 53 | അസി. എഞ്ചിനീയർ PWD | 10600/- | 10600/- | ഈടാക്കിയിട്ടില്ല. |
| 54 | KAIR | 4050/- | - | 4050/- |
| 55 | അൽഹിന്ദ് ടൂർസ് ട്രാവൽസ് | 3650/- | - | 3650/- |
| 56 | ICL ഫിൻകോർപ്പ് | 2850/- | - | -ഈടാക്കിയിട്ടില്ല. |
| 57 | ഓപ്പോ സാൻസ്കോം ടെക്നോളജി ഷോറൂം | 2250/- | - | 2250/- |
| 58 | സ്റ്റാഫ് ഇൻസ്പയർ | 5100/- | - | 5100/- |
| 59 | സെയിൽസ് ടാക്സ് ഓഫീസ് | 1500/- | - | 1500/- |
| 60 | ജ്യൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ട് (മഞ്ജു.വി) | 17250/-<br>1250/- | | 17250/-<br>1250/- |
| 61 | മനു വേണുഗോപാൽ, TAIKM | 1250/- | - | 1250/- |
| 62 | ഷെരിസ്ഥതാർ | 1250/- | | 1250/- |

ഓഡിറ്റ് എൻക്വയറി നം.15 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഡിമാൻറ് ചെയ്യാത്ത ഒന്നാം അർദ്ധവർഷത്തേയും രണ്ടാം അർദ്ധവർഷത്തേയും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതും വിശദാംശങ്ങൾ ഹാജരാക്കേണ്ടതുമാണ്.

## 1-19 കുത്തക ലേലം നടത്തിപ്പിലെ അപാകത

നഗരസഭയുടെ വിവിധ കുത്തക അവകാശങ്ങൾ കരാർ അടിസ്ഥാനത്തിൽ ലേലം ചെയ്തതിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു-

1. 2019-20 വർഷത്തിൽ മുനിസിപ്പൽ ബസ് സ്റ്റാന്റ് ബിൽഡിംഗ് കോംപ്ളക്സിൽ റ്റി.വി. സ്ഥാപിച്ച് പരസ്യം ചെയ്യുന്നതിനായി 21.02.2019 തീയതിയിലെ മുനിസിപ്പൽ കൗൺസിൽ തീരുമാനം ഫയൽ നം. R3-15/19 പ്രകാരം നടത്തിയ ലേലം 37500/- രൂപയ്ക്ക് ശ്രീ. ഹാഷിം, എം.എസ്, മാലയിൽ പുത്തൻപുര വീട്, കളമശ്ശേരി എന്നയാൾക്ക് അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾ കുത്തക തുകയായ 37500/- രൂപയിൽ 10000/- നിരത ദ്രവ്യം ഒഴിച്ച് ബാക്കി തുക നഗരസഭയിലേക്ക് അടവാക്കിയിട്ടില്ല എന്ന് ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. ബാക്കി തുക അടവാക്കുന്നതിനായി നഗരസഭയുടെ ഭാഗത്തുനിന്നും വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല.
2. വിവിധ അവകാശങ്ങൾ ലേലം ചെയ്ത് നൽകുന്നതിനായി മുനിസിപ്പാലിറ്റി പുറത്തിറക്കിയ ലേല നോട്ടീസിലെ നിബന്ധന 5 പ്രകാരം ലേലം ഉറപ്പിക്കുന്നയാൾ കുത്തക തുകയുടെ 5% വരുന്ന തുക സുരക്ഷാ നിക്ഷേപമായി നഗരസഭയിൽ അടവാക്കേണ്ടതാണ്. എന്നാൽ വിവിധ ഇനങ്ങൾ ലേലം കൊണ്ടവരിൽ ആകെ 3 പേർ മാത്രമാണ് സെക്യൂരിറ്റി തുക അടവാക്കിയിട്ടുള്ളത്.
3. ലേലം ഉറപ്പിക്കുന്നയാൾ 200 രൂപയുടെ മുദ്രപത്രത്തിൽ ലേല നോട്ടീസിലെ നിബന്ധനകൾക്ക് വിധേയമായി നഗരസഭയുമായി ഉടമ്പടി വയ്ക്കേണ്ടതും കുത്തക തുകയിൽ ബാക്കി വരുന്നത് 2019 നവംബർ മാസം 5-ാം തീയതിക്കു മുമ്പായി 8 തുല്യ തവണകളായി അടവാക്കേണ്ടതുമാണ് എന്ന വിവരം നിബന്ധന 6 -ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ കുത്തക ഉറപ്പിച്ചവരിൽ ആരും 200 രൂപ മുദ്രപത്രത്തിൽ നഗരസഭയുമായി കരാരിലേർപ്പെട്ടിട്ടില്ല എന്ന് ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. കോടതികളിലും മറ്റു വ്യവഹാരങ്ങൾ ഉണ്ടാകുമ്പോൾ കരാർ ഇല്ലാത്തത് നഗരസഭയുടെ ഭാഗം പരാജയപ്പെടാനും അതുവഴി നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാകുവാനും ഇടയാക്കും.
4. നഗരസഭയുടെ ലേല നോട്ടീസിലെ നിബന്ധന (6) പ്രകാരം 05.11.2019 നുള്ളിൽ കിസ്ത് തുക മുഴുവനായും അടവാക്കാത്തവരുടെ കുത്തക നഗരസഭയ്ക്ക് റദ്ദ് ചെയ്യാവുന്നതും ടിയാളുകളുടെ നഷ്ടോത്തരവാദത്തിൽ കുത്തക മറിച്ച് ലേലം ചെയ്ത് കൊടുക്കാവുന്നതുമാണ്. നിശ്ചിത തീയതിക്കുള്ളിൽ കിസ്ത് തുക അടവാക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ലേല ഇനം | പണം അടവാക്കിയ | മുഴുവൻ | റിമാർക്സ് |
|---|---|---|---|---|

| നം | | വ്യക്തി/സ്ഥാപനം | തുകയും അടവാക്കിയ തീയതി | |
|---|---|---|---|---|
| 1 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഫീസ് പിരിവ് | ശ്രീ. പി.അനിൽകുമാർ കരവട്ട് വീട്, പെരുമ്പാവൂർ | 31.12.2019 | - |
| 2 | സസ്യചന്ത വാഹനഫീസ് പിരിവ് | പി.കെ.സെയ്തുമുഹമ്മദ് പുത്തുക്കാടൻ എരുമത്തല | 29.02.2020 | - |
| 3 | കന്നുകാലി ചന്ത ഫീസ് പിരിവ് | എം.കെ.മുഹമ്മദ്, മൂത്തേടം, കണ്ടന്തറ | 02.03.2020 | - |
| 4 | മത്സ്യചന്ത സ്റ്റാൾ-4 | ശ്രീ.എം.എസ്.കോയാൻ, മാളിയംവീട്ടിൽ, റയോൺപുരം | 05.02.2020 | - |
| 5 | മത്സ്യചന്ത സ്റ്റാൾ-5 | ശ്രീ. റ്റി.കെ.ഷംസുദ്ദീൻ, തച്ചരുകുടി, പള്ളിപുറം | - | കുത്തകതുക തുക പൂർണ്ണമായി അടവാക്കി യിട്ടില്ല |
| 6 | മത്സ്യചന്ത സ്റ്റാൾ-6&7 | ശ്രീ. അസൈനാർ.പി.എം പുളിയ്ക്കക്കുടി, മുടിയ്ക്കൽ | 05.02.2020 | - |
| 7 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സ് | ശ്രീ. ഹാഷിം. എം.എസ്, മാലയിൽ പുത്തൻപുര, കളമശ്ശേരി | - | കുത്തകതുക തുക ഇനത്തിൽ യാതൊന്നും അടവാക്കി യിട്ടില്ല |

മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ഓഡിറ്റിനു മുൻപാകെ ഹാജരാക്കേണ്ടതാണ്.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് -ടോപ്പ്

| | |
|---|---|
| പദ്ധതി | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ- |
| പദ്ധതി നം | S089/19-20 |
| അടങ്കൽ | 600000/- |
| ചെലവ് | 408654/-295/19.02.2020 |
| നിർവ്വഹണം | സെക്രട്ടറി,നഗരസഭ |

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസത്തിന് ഉതകുന്നരീതിയിൽ ലാപ് ടോപ്പ് വിതരണം ചെയ്യുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആകെ 18-വിദ്യാർത്ഥികളെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്. പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ നഗരസഭ പ്രവർത്തി ഏല്പിക്കുകയും, 408654/-രൂപ ടി-സ്ഥാപനത്തിന് കൈമാറുകയും ചെയ്തു. കെൽട്രോൺ നഗരസഭക്ക് ലെനോവയുടെ 18-ലാപ് ടോപ്പുകൾ ലഭ്യമാക്കിയത് വിദ്യാർത്ഥികൾക്ക് വിതരണംചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ വന്ന അപാകതകൾ ചുവടെ-

1.ലെനോവ ഇന്ത്യ ലിമിറ്റഡിൽ നിന്നും ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം ആകെ തുക നികുതിയുൾപ്പെടെ 392940/-രൂപയാണ്.(18500x18=333000+GST-59940=392940/-), കെൽട്രോൺ ലിമിറ്റഡിന്റെ ഇൻവോയ്സ് പ്രകാരം 18499.84x18=332997.12+TSP Charge-18x739.98=13319.64=346316.76+GST-62337.04= 408654/-, GST ഇനത്തിലെ വ്യത്യാസം - 62337-59940=2397/-GST+13320/- TSP=15717/-രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. ഇടനിലയായി പ്രവർത്തിച്ച കെൽട്രോൺ ലിമിറ്റഡിന് അധികമായി 15717/-രൂപ നല്കിയതിന് ന്യായീകരണമില്ല.

2.സ.ഉ.(കൈ)നം.01/2018/എസ്.പി.ഡി.തീ.08/12/2018 പ്രകാരം പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടത്തുമ്പോൾ പർച്ചേസ് ഓർഡർ മൂല്യത്തിന്റെ 50%സാധനങ്ങളും സ്ഥാപനം നിർമ്മിച്ചവയാവണം.50% അധികമായി ബ്രാന്റഡ് ഇനങ്ങളോ,സ്ഥാപനം നിർമ്മിക്കാത്ത ഇനങ്ങളോ ആണെങ്കിൽ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലെനോവയുടെ ഉല്പന്നം കെൽട്രോൺ ഇടനിലയായി ലഭ്യമാക്കി നഗരസഭ വിതരണം ചെയ്യുകയാണ് ഉണ്ടായത്, ഈ അപാകത നഗരസഭ വിലയിരുത്തിയിട്ടില്ല.

3.സ.ഉ(പി)നം.02/2018/എസ്.പി.ഡി.28/01/2018 പ്രകാരം തദ്ദേശസ്ഥാപനങ്ങൾ/സർക്കാർ സ്ഥാപനങ്ങൾ എന്നിവ 25000/-രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് 'GEM'നിർബന്ധമാക്കിയിട്ടുണ്ട്.(ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലേസ്) ആയത് ഈ വാങ്ങലിൽ പാലിച്ചിട്ടില്ല.

4.ജി.ഒ,പി.നം.01/2017/എസ്.പി.ഡി/13.03.2017 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ,സാധനങ്ങളുടെ വില,നിലവിലെ കമ്പോള വിലയിൽ അധികരിക്കുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തി നല്കണം. ഈ നിർദ്ദേശം പദ്ധതിയിൽ പാലിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.22പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല,അപാകത തുടരുന്നതിനാൽ പദ്ധതിക്കായി ചെലവഴിച്ച 408654/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി നടത്തിപ്പിൽ വന്ന മേൽ അപാകതകൾക്ക് രേഖാമൂലം മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-21 താലൂക്ക് ആയുർവ്വേദ ആശുപത്രിക്ക് ഫർണീച്ചർ വാങ്ങൽ-

| | |
|---|---|
| പദ്ധതി | ആയുർവ്വേദ ആശുപത്രിക്ക് ഫർണീച്ചർ വാങ്ങൽ |
| പദ്ധതി നം | SO 15/19-20 |
| അടങ്കൽ | 150000/- |
| ചെലവ്/ബിൽ നം.തീയതി | 150000/-, 243/29.01.2020 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം |

മേൽ പദ്ധതി പ്രകാരം 150000/- രൂപ ARTCO- യിൽ നിന്നും ആശുപത്രിയിലേക്ക് ഫർണീച്ചർ വാങ്ങുന്നതിനാണ് ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ-

1.പദ്ധതിയുമായി ബന്ധപ്പെട്ട് ഫർണീച്ചറുകൾ ലഭ്യമാക്കിയ 'ARTCO' എന്ന സ്ഥാപനവുമായി പണം ലഭ്യമാക്കിയ നഗരസഭാ സെക്രട്ടറിയോ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ താലൂക്ക് ആയുർവ്വേദ ആശുപത്രി മെഡിക്കൽ ഓഫീസറോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി ഓഡിറ്റിനു മുൻപാകെ ഹാജരാക്കിയിട്ടുള്ള ഫയലുകളിൽ നിന്നും വ്യക്തമല്ല. ഫർണീച്ചറുകൾ സപ്ലൈ ചെയ്ത സ്ഥാപനവുമായി കരാറിലേർപ്പെടാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുമുള്ള ഗൗരവതരമായ വീഴ്ചയാണ്. വാങ്ങലുകൾക്കു ശേഷമുള്ള ഗ്യാരണ്ടി/മെയിന്റനൻസ് നടപടികൾക്ക് യാതൊരു ഉപാധിയും വെക്കാത്തതിനാൽ പിന്നാലെ വരുന്ന അറ്റകുറ്റപ്പണികൾക്ക് വകുപ്പ് വീണ്ടും തുക കണ്ടെത്തേണ്ടി വരുന്നതാണ്. ഇപ്രകാരം കരാറുകളിൽ ഏർപ്പെട്ടാൽ ഈ പരിരക്ഷ വാങ്ങിയ ഇനങ്ങൾക്ക് ഉറപ്പാക്കാവുന്നതാണ്.

2.ജി.ഒ.(സാധാ) നം. 3299/തസ്വഭവ, തീ. 02.12.2016 ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധന സാമഗ്രികൾ മാത്രമേ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ ടെണ്ടർ ഒഴിവാക്കി വാങ്ങാവൂ. എന്നാൽ പദ്ധതി പ്രകാരം 'ARTCO' സപ്ലൈ ചെയ്ത സാമഗ്രികൾ സ്ഥാപനം സ്വയം നിർമ്മിച്ചവയൊണന്നോ അല്ലെങ്കിൽ സ്ഥാപനവുമായി 'Rate Contract' ൽ ഏർപ്പെട്ടിട്ടുള്ള ഇതര സ്ഥാപനം സപ്ലൈ ചെയ്യുന്നവയാണെന്നോ തെളിയിക്കുന്നതിനുള്ള സ്ഥാപന സാക്ഷ്യപത്രം ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിലെ മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം.39-പ്രകാരം വിശദീകരണം ആവശ്യപ്പെട്ട് കത്ത് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിൻറ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 150000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 ട്രൈസൈക്കിൾ-വീൽബാരോ-വാങ്ങൽ

| | |
|---|---|
| പദ്ധതി | ട്രൈസൈക്കിൾ-വീൽബാരോ-വാങ്ങൽ |
| പദ്ധതി നം | S00286/19-20 |
| അടങ്കൽ | 441355/- |
| ചെലവ്/ബിൽ നം,തീ | 53698/-,12/05.03.2020 |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ,നഗരസഭ |

തെരുവുശുചീകരണം മുഖേനശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ സംസ്കരണസ്ഥലത്തേക്ക് കൊണ്ടുപോകുന്നതിന് വീൽബാരോകളും, ഹരിതകർമ്മസേനമുഖേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ സംസ്കരണസ്ഥലത്തേക്ക് കൊണ്ടുപോകുന്നതിന് ട്രൈസൈക്കിളുകളും വാങ്ങുന്നതിനുള്ള പദ്ധതി യാണിത്. ആവശ്യമായ 10-വീൽബാരോ പൊതുമേഖലാ സ്ഥാപനമായ റെയ്ഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനും4-ട്രൈസൈക്കിളുകൾ ടെൻഡർ മുഖേന വാങ്ങുന്നതിനും തീരുമാനിച്ചു.ഇതിൽ ട്രൈസൈക്കിളുകൾ വാങ്ങുന്നതിനുള്ള തുടർനടപടി സ്വീകരിച്ചില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1.സ.ഉ(പി)നം.02/2018/എസ്.പി.ഡി.28/01/2018 പ്രകാരം തദ്ദേശസ്ഥാപനങ്ങൾ/സർക്കാർ സ്ഥാപനങ്ങൾ എന്നിവ 25000/-രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് 'GEM'നിർബന്ധമാക്കിയിട്ടുണ്ട്. (ഗവൺമെന്റ് ഇ- മാർക്കറ്റ് പ്ലേസ്) ആയത് നിബന്ധന ഈ വാങ്ങലിൽ പാലിച്ചിട്ടില്ല.

2.കാർഷികയന്ത്രോപകരണങ്ങൾ റെയ്ഡ്കോ,കാംകോ,കെയ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് സ.ഉ.(സാ.ധാ)നം.30/2017/എസ്.പി.ഡി.തീ.26.05.2017, സ.ഉ.(സാ.ധാ)നം.39/2017/ എസ്.പി.ഡി.തീ.06.07.2017, എന്നീ ഉത്തരവുകൾ പ്രകാരം യന്ത്രോപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിന് 24.05.2018 വരെയുള്ള കാലയളവ് മാത്രമേ ഉള്ളൂ.

3.കാർഷികാവശ്യത്തിനുള്ള യന്ത്രങ്ങളും സാമഗ്രികളും കാംകോയിൽ നിന്നും കൈകോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറുടെ സർക്കുലർ നിലവിലുണ്ടെങ്കിലും ആയത് കാർഷികയന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് മാത്രം ബാധകമായിരിക്കുന്നതാണ്.ആരോഗ്യ/ പൊതുശുചിത്വ മേഖലക്ക് ഇൻഡസ്ട്രീയൽ തലത്തിൽ ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നതിന് ഓപ്പൺടെൻഡർ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല.

4.നഗരസഭ വാങ്ങിയ വീൽബാരോയ്ക്ക്(ഡബിൾ വീൽ) നിലവിലെ മാർക്കറ്റ് വില(ജി,എസ്.ടി. ഉൾപ്പെടെ) യൂണിറ്റിന് 3600/-രൂപയാണ്,എന്നാൽ നഗരസഭ പൊതുമേഖലാസ്ഥാപനമായ റെയ്ഡ്കോയിൽ നിന്നും വാങ്ങിയത് യൂണിറ്റിന് 5370/-രൂപയ്ക്കാണ്.അതായത് യൂണിറ്റിന് (5370-3600=1770x10=17700)17700/-രൂപയോളം നഷ്ടം സംഭവിച്ചിട്ടുണ്ട്.മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം.8പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദീകരണത്തിൻറ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 53698/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-23 മരം വെട്ടിമാറ്റൽ നിയമാനുസൃതമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

ജി.ഒ.(എം.എസ് )നം.441/99/ആർ.ഡി.തീ.10.11.1999 പ്രകാരം സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടെ കോമ്പൗണ്ടിലോ, പൊതുസ്ഥലങ്ങളിലോ നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റുമ്പോൾ ഫോറസ്റ്റ് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂല്യം കണക്കാക്കി വില നിശ്ചയിച്ച് മരം വിൽക്കേണ്ടതും ലഭിക്കുന്ന വരുമാനം അതാത് വകുപ്പിലേയ്ക്ക് മുതൽ കൂട്ടേണ്ടതുമാണ്. എന്നാൽ കൈമാറി കിട്ടിയ വിവിധ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റിയെങ്കിലും ക്രമപ്രകാരമുള്ള ഒരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ-

| നം | മരം വെട്ടിമാറ്റിയ പ്രദേശം | ചെലവ് | വൗച്ചർ നം | ചെക്ക് നം/തീയതി |
|---|---|---|---|---|
| 1 | ഗവ. ബോയ്സ് ഹൈസ്കൂൾ | 22500/- | 121-7/19 | 443473/22.07.19 |

| | | | | |
|---|---|---|---|---|
| 2 | നാഗഞ്ചേരി മന അങ്കനവാടി | 5666/- | 108-11/19 | 488118/19.11.19 |
| 3 | ഗവ. ബോയ്സ് ഹൈസ്കൂൾ | 7500/- | 176-1/20 | 49617/28.01.20 |
| 4 | റെസ്റ്റ് ഹൗസ് കോമ്പൗണ്ട് | 4000/- | 177-1/20 | 49618/28.01.20 |
| 5 | ഗവ.ആയുർ വ്വേദാശുപത്രി | 20000/- | 84-8/19 | 437540/20.08.19 |
| 6 | ഗവ.ഗേൾസ് HSS | 7000/- | 85-8/19 | 437549/20.08.19 |
| 7 | കാഞ്ഞിരക്കാട് GLPS | 7000/- | 73-10/19 | 460575/10.10.19 |
| - | ആകെ | 73666/- | - | - |

ഓഡിറ്റ് എൻക്വയറി നം.5-പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത നിലനിൽക്കുന്നതിനാൽ ടി-ഇനത്തിൽ ചെലവഴിച്ച 73666/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വെട്ടി നീക്കിയ മരങ്ങൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ലേലം ചെയ്ത് നഗരസഭാ ഫണ്ടിൽ ഒടുക്കി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 1-24 ആയിത്തറ കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ

| | |
|---|---|
| പദ്ധതി | ആയിത്തറ കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ- |
| പദ്ധതി നം | S0219/19-20 |
| അടങ്കൽ | 150000/- |
| ചെലവ്/ബിൽ നം,തീ | 44400/-205/31.12.2019,103000/-434/31.03.2020, |
| നിർവ്വഹണം | സെക്രട്ടറി,നഗരസഭ |

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കമ്മ്യൂണിറ്റി ഹാളിലേക്ക് കസേര(armed-100), സ്റ്റീൽമേശ(20) എന്നിവ വാങ്ങുന്നതിനായി ടെൻഡർ നടപടികൾ സ്വീകരിക്കുകയും ആയതിൽ നാല് സ്ഥാപനങ്ങൾ പങ്കെടുക്കുകയും, കസേര ഒന്നിന് 515/-രൂപ ക്വാട്ട് ചെയ്ത സ്റ്റൈലോ ഇൻറർ നാഷനൽ, എറണാകുളം എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ ടെൻഡർ അംഗീകരിക്കുകയും നെഗോസിയേഷൻ നടപടികളിലൂടെ കസേര ഒന്നിന് 444/-രൂപയ്ക്ക് (ജി.എസ്.ടി ഉൾപ്പെടെ) വാങ്ങുകയും ചെയ്തു. എന്നാൽ ഈ നാല് സ്ഥാപനങ്ങൾ ഗുണനിലവാര പരിശോധനയ്ക്ക് ഹാജരാക്കിയ സ്റ്റീൽമേശ ഗുണനിലവാരം കുറവാണെന്ന കാരണത്താൽ ഒഴിവാക്കുകയും റീ-ടെൻഡർ നടപടികൾ സ്വീകരിക്കുകയും, ആദ്യ ടെൻഡറിലെ രണ്ട് സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത തുകയേക്കാൾ കൂടിയ നിരക്ക് (5150/-രൂപ ജി.എസ്.ടി ഉൾപ്പെടെ) ക്വാട്ട് ചെയ്ത മാജിക്ക് ഫർണിച്ചർ,കുവപ്പടിയുടെ എക ടെൻഡർ അംഗീകരിക്കുകയും, നെഗോസിയേഷൻ നടപടികളിൽ തുക കുറയ്ക്കാൻ സ്ഥാപനം തയ്യാറാകാതെ വന്നതിനാൽ ക്വാട്ട് ചെയ്ത തുകയ്ക്ക് ടെൻഡർ ഉറപ്പിക്കുകയുമാണ് ചെയ്തത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ-

1.ആദ്യടെൻഡറിൽ പങ്കെടുത്ത നാല് സ്ഥാപനങ്ങളുടെ "സ്റ്റീൽ മേശ"ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ടതിനാൽ അവയെ ഒഴിവാക്കിയെന്ന് കാര്യാലയകുറിപ്പിൽ ചേർത്തിട്ടുണ്ട്. പർച്ചേസ് കമ്മിറ്റിയുടെ അഭിപ്രായത്തെ അംഗീകരിച്ചുകൊണ്ട് തീരുമാനം 31/26.10.2019- പ്രകാരം നഗരസഭകൗൺസിൽ തീരുമാനവും കൈകൊണ്ടിട്ടുണ്ട്. മേൽ തീരുമാനങ്ങൾ അംഗീകാരയോഗ്യമല്ലയെന്ന് പദ്ധതി നടത്തിപ്പിലെ തുടർ പ്രവർത്തനത്തിൽ നിന്നും വിലയിരുത്താവുന്നതാണ്.

2.രണ്ടാമത് ടെൻഡർ ക്ഷണിച്ചതിൽ ഒരു സ്ഥാപനം മാത്രമേ പങ്കെടുത്തിട്ടുള്ളു.എന്നാൽ ടി-സ്ഥാപനവുമായി നെഗോസിയേഷൻ നടപടികൾ നടത്താൻ സാധിക്കാത്തതിനാൽ ടി-സ്ഥാപനം ക്വാട്ട്ചെയ്ത തുകയ്ക്ക് തന്നെനഗരസഭ കരാറിൽ ഏർപ്പെടുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

3.ആദ്യടെൻഡറിൽ പങ്കെടുത്ത നാല് സ്ഥാപനങ്ങളുടെ സ്റ്റീൽ മേശക്ക് ഗുണനിലവാര പരിശോധന നടത്തി ഒഴിവാക്കി, രണ്ടാമത് ടെൻഡർ നടപടികളിലൂടെ ഏക സ്ഥാപനം മാത്രം വരുകയും ടി- സ്ഥാപനത്തെ ഗുണനിലവാര പരിശോധന നടത്താതെ തന്നെ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

4.ഓഡിറ്റ് എൻക്വയറി നം.27 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത നിലനിൽക്കുന്നതിനാൽ പദ്ധതിയിനത്തിൽ ചെലവഴിച്ച 103000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-25 പുറമ്പോക്ക് സ്ഥലത്തിൽ കിണർ അറ്റകുറ്റപ്പണി

| | |
|---|---|
| പദ്ധതി | കിണർ അറ്റകുറ്റപ്പണി(പട്ടികജാതി) |
| പദ്ധതി നം | S086/19-20 |
| അടങ്കൽ | 150000/- |
| ചെലവ്/ബിൽ നം,തീ | 98458/- |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ,ദാരിദ്ര്യലഘൂകരണം |

സാമ്പത്തികമായി പിന്നോക്കംനില്ക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് കിണർ അറ്റകുറ്റപ്പണിക്കായി തുക അനുവദിച്ചതിൽ പെരുമ്പാവൂർ വില്ലേജിൽ ബ്ലോക്ക് 37-ൽ റീസർവ്വേ 37-ൽ പ്പെട്ട പുറമ്പോക്ക് ഹരിജൻ ശ്മശാനം എന്ന് രേഖപ്പെടുത്തിയിട്ടുള്ള വസ്തുവിൽ താമസക്കാരനായ വ്യക്തിക്കും,സർക്കാർ പുറമ്പോക്കിൽ താമസിക്കുന്ന വ്യക്തിക്കും ഇതേ പദ്ധതിപ്രകാരം തുക കൈമാറിയിട്ടുണ്ട്. നഗരസഭ വ്യക്തികളുമായുണ്ടാക്കിയ കരാർ വ്യവസ്ഥയിൽ സ്ഥലം ഉൾപ്പെട്ട സർവ്വേ/ഉടമസ്ഥാവകാശരേഖകൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.സ്വന്തം പേരിൽ സ്ഥലം ഇല്ലാത്ത വ്യക്തികൾ എങ്ങനെ ആസ്തിവികസനത്തിൽ ഉൾപ്പെട്ട കിണർ നിർമ്മാണ/അറ്റകുറ്റപ്പണി പദ്ധതിയിൽ ഗുണഭോക്താക്കളായി വന്നുവെന്ന് വ്യക്തമല്ല. വിശദവിവരം ചുവടെ-

| ക്രമനം | പേര് | മേൽവിലാസം | കൈപ്പറ്റിയ തുക,തീയതി |
|---|---|---|---|
| 1 | കാർത്തു വേലായുധൻ | വടക്കേപ്പറമ്പ്, കടുവാൾ,വാർഡ്-23 | 14060/-(ഒന്നാം ഗഡു)6/12/19,14060 /-(രണ്ടാം ഗഡു)28/04 /20-പുറമ്പോക്ക് ഹരിജൻ കോളനി) |
| 2 | ഗോപി.കെ.പി | കോതപൊട്ടയ്ക്കൽ, വാർഡ്-13 | 14000/-(ഒന്നാം ഗഡു) 3/12/19,14075/-(രണ്ടാം ഗഡു)31/01/20-സർക്കാർ പുറമ്പോക്ക് |

ഓഡിറ്റ് എൻക്വയറി നം.21-പ്രകാരം മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി തൃപ്തികരമല്ലാത്തതിനാൽ മേൽ ഗുണഭോക്താക്കൾക്കായിചെലവഴിച്ച 42135/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.ക്രമനമ്പർ ഒന്നിലെ ഗുണഭോക്താവിന്റെ രണ്ടാം ഗഡു 14060/-രൂപ 2020-21 കാലയളവിലെ ചെലവായതിനാൽ തടസ്സപ്പെടുത്തിയ തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-26 ടൗൺ ഹാളിലേക്ക് കസേര വാങ്ങൽ

| | |
|---|---|
| പദ്ധതി | ടൗൺ ഹാളിലേക്ക് കസേര വാങ്ങൽ |
| പദ്ധതി നം | So330/19-20(220/20-new) |
| അടങ്കൽ | 123000/- |
| ചെലവ്/ബിൽ നം,തീ | 122100/-206//31.12.2019 |
| നിർവ്വഹണം | സെക്രട്ടറി,നഗരസഭ |

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ടൗൺ ഹാളിലേക്ക് കസേര(armed-500) വാങ്ങുന്നതിനായി ടെൻഡർ നടപടികൾ സ്വീകരിക്കുകയും ആയതിൽ അഞ്ച് സ്ഥാപനങ്ങൾ പങ്കെടുക്കുകയും, കസേര ഒന്നിന് 542/-രൂപ ക്വാട്ട് ചെയ്ത സ്കൈബ്ലൂ ഇൻറർ നാഷനൽ, എറണാകുളം എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും നെഗോസിയേഷൻ നടപടികളിലൂടെ കസേര ഒന്നിന് 444/-രൂപക്ക്(ജി.എസ്.ടി ഉൾപ്പെടെ) ലഭ്യമാക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ-

1.ടെൻഡറിൽ പങ്കെടുത്ത അഞ്ച് സ്ഥാപനങ്ങളുടെ ടെൻഡർ പരിശോധനയിൽ പർച്ചേസ് കമ്മിറ്റിയുടെ 06/09/2019-ലെ തീരുമാനത്തെ അംഗീകരിച്ചുകൊണ്ട് 33/26.10.2019-ലെ നഗരസഭ കൗൺസിൽ തീരുമാന പ്രകാരവും സ്കൈബ്ലൂ ഇൻറർ നാഷനൽ, എറണാകുളം എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തു.ആയതിന്റെ മാനദണ്ഡം വ്യക്തമല്ല.

2.മേൽ സ്ഥാപനം ക്വാട്ട് ചെയ്ത തുകയേക്കാൾ കുറഞ്ഞ തുക ക്വാട്ട് ചെയ്ത രണ്ട് സ്ഥാപനങ്ങൾ ടെൻഡറിൽ പങ്കെടുത്തിട്ടുണ്ട്. ടി-സ്ഥാപനങ്ങളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല.

3.പർച്ചേസ് കമ്മിറ്റിയുടെ 06/09/2019-ലെ തീരുമാനപ്രകാരം സ്കൈബ്ലൂ ഇൻറർ നാഷനൽ, എറണാകുളം എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തെങ്കിലും ആകെ 275-കസേര മാത്രമേ വകയിരുത്തിയ തുകകൊണ്ട് ആർജിക്കാൻ സാധിച്ചിട്ടുള്ളൂ.അതായത് 55% മാത്രമേ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുള്ളൂ എന്ന് വ്യക്തമാണ്. ഈ അപാകത നഗരസഭ വിലയിരുത്തിയതായി കാണുന്നില്ല.

4.പദ്ധതി നടപടികളിൽ യഥാർത്ഥ ആവശ്യം വിലയിരുത്തിയല്ല ടെൻഡർ നടപടികൾ ആരംഭിച്ചതെന്ന് വ്യക്തമാണ്,ആയതിനാൽ തന്നെ പദ്ധതി അടങ്കൽ പരിമിതപ്പെടുകയും പദ്ധതി പൂർണ്ണ ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്നും വ്യക്തമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.31-പ്രകാരം കത്ത് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവഴിച്ച് 122100/-ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-27 താലൂക്കാശുപത്രി ബയോഗ്യാസ് പ്ലാൻറ് -അറ്റകുറ്റപ്പണി

| | |
|---|---|
| പദ്ധതി | താലൂക്കാശുപത്രി ബയോഗ്യാസ് പ്ലാന്റ് -അറ്റകുറ്റപ്പണി |
| പദ്ധതി നം | So0307/19-20 |

| | |
|---|---|
| അടങ്കൽ | 100000/- |
| ചെലവ്/ബിൽ നം,തീ | 98500/- 1/30.7.2019 |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ,നഗരസഭ |

താലൂക്കാശുപത്രിയിൽ നിലവിലുള്ള ബയോഗ്യാസ് പ്ലാൻറ് അറ്റകുറ്റപ്പണി നടത്തി പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള പദ്ധതിയാണിത്.പ്രവർത്തി നടപ്പിലാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങൾ ക്വട്ടേഷനിൽ പങ്കെടുക്കുകയും ആതിൽ കുറവ് തുക ക്വാട്ട് ചെയ്ത അന്ത്യോദയ,അങ്കമാലി എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ ഉറപ്പിക്കുകയും ചെയ്തു.

| ക്രമനം | സ്ഥാപനം/മേൽവിലാസം | ക്വട്ടേഷൻ തുക | റിമാർക്സ് |
|---|---|---|---|
| 1 | അന്ത്യോദയ,തോട്ടക്കാട്ടുകര,അങ്കമാലി | 98500/- | |
| 2 | അൾട്ടനെറ്റീവ് എനർജി കോർപറേഷൻ, അങ്കമാലി | 110000/- | |
| 3 | സൊസൈറ്റി ഫോർ റിനൈബിൾ എനർജി ഡെവലപ്പ്മെൻറ്,വാഴക്കുളം | 115000/- | |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ-

1.അന്ത്യോദയ,തോട്ടക്കാട്ടുകര,അങ്കമാലി,അൾട്ടനെറ്റീവ് എനർജി കോർപറേഷൻ, അങ്കമാലി എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ നിരക്കിൽ കുറവ് ക്വാട്ട് ചെയ്തവരിൽ യഥാക്രമം ഒന്നും രണ്ടും സ്ഥാനത്തുള്ളവരാണ്, എന്നാൽ ഈ രണ്ട് കമ്പനികളും ഓരേ സ്ഥാപനവുമാണ്,അതോടൊപ്പം ഈ രണ്ട് സ്ഥാപനത്തിനും കോൺടാക്ട് നമ്പരായി ഓരേ ഫോൺ നമ്പർ തന്നെയാണ് നല്കിയിരിക്കുന്നത്.

2.മേൽ അപാകത ക്വട്ടേഷൻ വേളയിൽ നഗരസഭ വിലയിരുത്തിയിട്ടില്ല.

3.ഒരേ സ്ഥാപനം തന്നെ വ്യത്യസ്ത പേരിൽ ക്വട്ടേഷനിൽ പങ്കെടുത്തത് വഴി മൂന്നാമത്തെ സ്ഥാപനത്തിന്റെ അവസരമാണ് പാഴായത്.

4.മേൽ അപാകതകൾ യഥാസമയം വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാതിരുന്നത് പദ്ധതി നിർവ്വഹണത്തിലെ അപാകതയായി വിലയിരുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.9-പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകത തുടരുന്നതിനാൽ ചെലവഴിച്ച 98500/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-28 താലൂക്ക് ആശുപത്രിയിൽ വിവിധ ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ

| | |
|---|---|
| പദ്ധതി | താലൂക്ക് ആശുപത്രിയിൽ വിവിധ ഉപകരണങ്ങൾ, ഫർണീച്ചർ വാങ്ങൽ |
| പദ്ധതി നം | SO 212/19-20 |

| | |
|---|---|
| അടങ്കൽ | 739336/- |
| ചെലവ്/ബിൽ നം.തീയതി | 739336/- 27, 27.06.2019 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, അലോപ്പതി |

മേൽ പദ്ധതി പ്രകാരം 90336/- രൂപ പെരുമ്പാവൂർ സർജിക്കൽസിൽ നിന്നും സ്റ്റെക്ച്ചർ ട്രോളി, വീൽ ചെയർ എന്നിവ വാങ്ങുന്നതിനും 649000/- രൂപ മോട്ടോറൈസ്ഡ് ഓർത്തോപീഡിക് ഒ.റ്റി. ടേബിൾ വാങ്ങുന്നതിനുമാണ് ചെലവഴിച്ചിരിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ-

1.90336/- രൂപയുള്ള സ്റ്റെക്ച്ചർ ട്രോളിയും (3 എണ്ണം) വീൽ ചെയറും (2എണ്ണം) വാങ്ങിയിരിക്കുന്നത് 'പെരുമ്പാവൂർ സർജിക്കൽസ്' എന്ന സ്ഥാപനത്തിൽ നിന്നും ഡയറക്ട് പർച്ചേസ് വഴിയാണ് നടത്തിയിരിക്കുന്നത്. ഇത്രയും തുകയുള്ള വാങ്ങൽ ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ട് നടത്തേണ്ട വാങ്ങൽ ആണ്. സംസ്ഥാനത്ത് സേവനങ്ങളും സാധനങ്ങളും സമാഹരിക്കുന്നതിനുള്ള വാങ്ങൾ രീതിയായ GEM(Govt-e,market)-നെ സർക്കാർ അംഗീകരിച്ചതിനാൽ ഈ പോർട്ടലിൽ നിന്ന് സാധനങ്ങൾ വാങ്ങാവുന്നതാണ്. മാത്രമല്ല ടി വാങ്ങലിൽ ഉൾപ്പെട്ടിട്ടുള്ള ഉപകരണങ്ങളുടെ നോൺ അവയിലബിലിറ്റി സംബന്ധിച്ച സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നു വാങ്ങി ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2.രണ്ടാമത്തെ ഇനമായ ഒ.റ്റി ഓർത്തോപീഡിക്സ് (മോട്ടോറൈസ്ഡ്) എന്ന ഉപകരണം ടെണ്ടർ നടപടികൾ ഒഴിവാക്കി മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിരിക്കുന്നു. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ റേറ്റ് കൊൺടാക്ട് എടുത്തിട്ടുള്ള സ്ഥാപനമായ Kerala Surgical Eqipment Co. ബാനർജി റോഡ്, എറണാകുളം എന്ന സ്ഥാപനമാണ് ടി ഉപകരണം ലഭ്യമാക്കിയിരിക്കുന്നത്. അതായത് ടി-ഉപകരണം കേരള സർജിക്കൽ എക്വിപ്മെന്റ് കമ്പനിയിൽ നിന്നും നേരിട്ട് വാങ്ങിയതായി കണക്കാക്കാവുന്നതാണ്.

3.പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറില്ലാതെ വാങ്ങൽ നടത്തുമ്പോൾ ആയവ സ്ഥാപനം സ്വന്തമായി നിർമ്മിക്കുന്നതാണെന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണെന്ന് സ.ഉ.(സാധാ)നം.3299/2016/തസ്വഭവ, തീ. 02.12.2016 ഉത്തരവ് പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പദ്ധതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അപ്രകാരമുള്ള യാതൊരു പരിശോധനയും നടത്തിയിട്ടില്ലെന്നുള്ളത് വ്യക്തമാണ്. കേരള സർജിക്കൽ എക്വിപ്മെന്റ് കമ്പനിയുടെ സപ്ലൈ ഇൻവോയിസ് (Invoice No.11250 Dtd,14.03.2019) പ്രകാരം 649000/- രൂപ വിലയുള്ള ഉപകരണം ആണ് ടെണ്ടറില്ലാതെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഇടനില നിന്ന് 694430/- രൂപയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. ആയതിൽ 45430/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഈടാക്കിയിരിക്കുന്ന 7% സർവ്വീസ് ചാർജും അതിന്മേലുള്ള 18% ജി.എസ്.റ്റി. യും ഉൾപ്പെടുന്നതാണ്. കേരള സർജിക്കൽ എക്വിപ്മെന്റ് കമ്പനിയിൽ നിന്ന് നേരിട്ട് വാങ്ങിയിരുന്നെങ്കിൽ പോലും സർവ്വീസ് ചാർജ് ഇനത്തിൽ 45430/- രൂപ ലാഭിക്കാമായിരുന്നു.

4.ഓപ്പൺ ടെണ്ടറിലൂടെ OT-TableOrthopedics(motorised) എന്ന ഉപകരണം വാങ്ങിയിരുന്ന വെങ്കിൽ നിലവിലെ വിലയിൽ നിന്നും താഴ്ന്ന വിലയിൽ ലഭ്യമാക്കുമായിരുന്നു. ടി. ഉപകരണത്തിന് രണ്ട് ലക്ഷം രൂപയിൽ താഴെ വില വരുന്നുള്ളൂ എന്ന് വിവിധ കമ്പനികൾ നൽകിയിട്ടുള്ള വിലവിവര പട്ടികയിൽ നിന്നും വ്യക്തമാണ്.

5.ഉപകരണത്തിന്റെ ഗ്യാരണ്ടിയും മെയിന്റനൻസും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കരാർ ചമച്ചിരിക്കുന്നത് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു പകരം കേരള സർജിക്കൽ എക്വിപ്മെന്റ്സ് കമ്പനിയാണ്. കരാർ ഏർപ്പെട്ട കമ്പനിക്ക് ബന്ധമില്ലാതെ വരുകയും അവരുടെ ഏജൻസി ടി ഐറ്റം ലഭ്യമാക്കുകയും രണ്ടാമത് വന്ന കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തത് ഒരു വിധത്തിലും ന്യായീകരിക്കത്തക്കതല്ല. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.പദ്ധതി നടത്തിപ്പിൽ മേൽ അപാകത തുടരുന്നതിനാൽ ചെലവഴിച്ച 739336/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് 'മേശയും കസേരയും' വിതരണം

| | |
|---|---|
| പദ്ധതി | പട്ടികജാതി വിദ്യാർത്ഥികൾക്ക് 'മേശയും കസേരയും' വിതരണം |
| പദ്ധതി നം | S0146/2019-20 |
| അടങ്കൽ | 130000/- |

| | |
|---|---|
| ചെലവ് | 126054/- |
| സാങ്ഷൻ ഓർഡർ നം,തീയതി | 188/ 31.12.2019 |
| നിർവ്വഹണം | ഹെഡ് മിസ്ട്രസ് ഗവ. ഹയർ സെക്കന്ററി സ്കൂൾ, പെരുമ്പാവൂർ |

ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ആനുകൂല്യം നൽകാവൂയെന്നും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർക്ക് അർഹതയില്ലെന്നും ജി.ഒ.(എം.എസ്) നം.22.2018 തസ്വഭവ, തീയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.2.7-ൽവ്യക്തമായി നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഗുണഭോക്താക്കൾ ഹാജരാക്കേണ്ടതുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ 25-കുട്ടികളും ബന്ധപ്പെട്ട വകുപ്പിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന് തെളിയിക്കുന്ന രേഖ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. ടി-അപാകതയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.22- പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 126054/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-30 ജീവിത ശൈലീ രോഗനിയന്ത്രണ പദ്ധതി നടത്തിപ്പിലെ അപാകത

| | |
|---|---|
| പദ്ധതി | ജീവിത ശൈലീ രോഗനിയന്ത്രണം |
| പദ്ധതി നം | So.24/2019-20 |
| അടങ്കൽ | 130000/- |
| ചെലവ്/ബിൽ നം,തീ | 33181/- 25/19-20, 07.03.2020 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, അലോപ്പതി |

മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായുള്ള സമഗ്ര ചികിത്സാ രേഖ അച്ചടിക്കുന്നതിനായി 30.10.2019 ൽ മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി പെരുമ്പാവൂർ ക്വട്ടേഷനുകൾ ക്ഷണിക്കുകയും ആയതിൻ പ്രകാരം ഏറ്റവും കുറവ് തുകയായ 23650 + 12% ജി.എസ്.റ്റി. ഉൾപ്പെടെ ക്വോട്ട് ചെയ്ത "ഓർമ്മ ഓഫ് സെറ്റ് പ്രിന്റേഴ്സ്" എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ നൽകുകയും ചെയ്തു. എന്നാൽ ജി.എസ്.റ്റി തുക കൂടി രേഖപ്പെടുത്തി ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്റ്റേറ്റ്മെന്റിൽ സ്ഥാപനത്തിന്റെ ജി.എസ്.റ്റി നമ്പറോ,മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

2. ക്വട്ടേഷൻ നൽകിയ 3- സ്ഥാപനങ്ങളിൽ "ഗ്രാഫിക്സ് സ്പോട്ട് "എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്റ്റേറ്റ്മെന്റിൽ നൽകിയിട്ടുള്ള മൊബൈൽ നമ്പർ തന്നെയാണ് ക്വട്ടേഷൻ ലഭിച്ച "ഓർമ്മ ഓഫ് സെറ്റ് പ്രിന്റേഴ്സ്" ലഭ്യമാക്കിയ ടാക്സ് ഇൻവോയിസിലും രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിൽ നിന്നും ഒരു നിഗമനത്തിൽ എത്താവുന്നതാണ്,മൂന്ന് സ്ഥാപനങ്ങളിൽ ഒരു വ്യക്തി തന്നെ രണ്ട് സ്ഥാപനത്തിന്റെ പേരിലും സ്വതന്ത്രമായ മറ്റൊരു സ്ഥാപനവുമാണ് ക്വട്ടേഷനിൽ പങ്കെടുത്തത്. ആയതിനാൽ മൽസര ക്വട്ടേഷനിൽ കൃതിമം നടന്നുവെന്ന് വ്യക്തമാണ്.

3. ക്വട്ടേഷൻ ലഭിച്ച "ഓർമ്മ ഓഫ് സെറ്റ് പ്രിന്റേഴ്സ് "എന്ന സ്ഥാപനം ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സ് കയ്യെഴുത്ത് രീതിയിലുള്ളതാണ്. കമ്പ്യൂട്ടറൈസ്ഡ് ഇൻവോയിസ് ലഭ്യമാക്കാത്തിടത്തോളം ബിൽ പ്രകാരമുള്ള ജി.എസ്.റ്റി. തുക അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.പദ്ധതി നടത്തിപ്പിൽ മേൽ അപാകത തുടരുന്നതിനാൽ ചെലവഴിച്ച 33181/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-31 ആശ്രയ പദ്ധതി-വീട്അറ്റകുറ്റപ്പണി(ജനറൽ)

| | |
|---|---|
| പദ്ധതി | ആശ്രയ പദ്ധതി-വീട്അറ്റകുറ്റപ്പണി(ജനറൽ) |
| പദ്ധതി നം | So104/19-20 |

| | |
|---|---|
| അടങ്കൽ | 448360/- |
| ചെലവ്/ബിൽ നം,തീ | 300000/- |
| നിർവ്വഹണം | പ്രോജക്റ്റ് ഓഫീസർ,ദാരിദ്രലഘൂകരണം |

സാമ്പത്തികമായി പിന്നോക്കംനില്ക്കുന്ന വ്യക്തികൾക്ക് വീട് അറ്റകുറ്റപ്പണിക്കായി(ആശ്രയ പദ്ധതി) പ്രകാരം തുക അനുവദിച്ചെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.വിശദവിവരം ചുവടെ-

| പേര്/മേൽവിലാസം | കൈപ്പറ്റിയ തുക,തീയതി |
|---|---|
| സുഹറ കോയൻ, മാളികം വീട്, വല്ലം,റയോൺപുരം വാർഡ്-24 | 50000/-(ഒന്നാം ഗഡു)15/02/20, |

ഓഡിറ്റ് എൻക്വയറി നം.18-പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി തൃപ്തികരമല്ല.പണി പൂർത്തീകരിക്കാനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിനു മുൻപാകെ അറിയിക്കേണ്ടതുമാണ്. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഉണഭോക്താവിനായി ചെലവഴിച്ച 50000/-ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 കിണർ അറ്റകുറ്റപ്പണി

| | |
|---|---|
| പദ്ധതി | കിണർ അറ്റകുറ്റപ്പണി(പട്ടികജാതി) |
| പദ്ധതി നം | S086/19-20 |
| അടങ്കൽ | 150000/- |
| ചെലവ്/ബിൽ നം,തീ | 98458/-, |
| നിർവ്വഹണം | പ്രോജക്റ്റ് ഓഫീസർ,ദാരിദ്രലഘൂകരണം |

സാമ്പത്തികമായി പിന്നോക്കംനില്ക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് കിണർ അറ്റകുറ്റപ്പണിക്കായി തുക അനുവദിച്ചതിൽ പണംകൈപ്പറ്റി നാളിതുവരെ പ്രവർത്തി പൂർത്തീകരിക്കാത്ത രണ്ട് ഉണഭോക്താക്കൾ അവശേഷിക്കുന്നുണ്ട്.വിശദവിവരം ചുവടെ-

| പേര് | മേൽവിലാസം | കൈപ്പറ്റിയ തുക,തീയതി |
|---|---|---|
| ഷീല രാജൻ | തുരുത്തിപ്പറമ്പ്, വാർഡ്-6 | 14000/-(ഒന്നാം ഗഡു)8/12/19 |
| സുപ്രൻ.കെ.കെ | പാറക്കണ്ടം,വാർഡ്-19 | 14000/-(ഒന്നാം ഗഡു)12/03/20 |

ഓഡിറ്റ് എൻക്വയറി നം.20-പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി തൃപ്തികരമല്ലാത്തതിനാൽ മേൽ ഉണഭോക്താക്കൽക്കായി ചെലവഴിച്ച് 28000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ഉണഭോക്താക്കൾ പ്രവർത്തി

പൂർത്തീകരിക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിക്കുന്ന വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-33 ഗാർഹിക മാലിന്യ സംസ്കരണം- തുക പാഴാക്കി

| | |
|---|---|
| പദ്ധതി | ഗാർഹിക മാലിന്യ സംസ്കരണത്തിന് റിംഗ് കംമ്പോസ്റ്റ് |
| പദ്ധതി നം | S019/19-20 |
| അടങ്കൽ | 1800000/- |
| ചെലവ്/ബിൽ നം,തീ | 129108/-3/8.8.19,8/10.1.20,11 /5.3.2020(157464-ICICI,27000-ഗു.വി) |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ,നഗരസഭ |

ഗാർഹികജൈവഖരമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന്റെ ഭാഗമായി വീടുകൾതോറും സബ്സിഡി നിരക്കിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.ഖരമാലിന്യ സംസ്കരണത്തിനുള്ള DPR-ൽ ഉൾപ്പെട്ട പദ്ധതിയാണിത്.യൂണിറ്റ് കോസ്റ്റ് 2500/-രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. 50%ഗുണഭോക്തൃവിഹിതവും,ബാക്കി പദ്ധതി വിഹിതവും എന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിരുന്നത്(27000/1250=21). റിംഗ് കംമ്പോസ്റ്റ് ലഭ്യമാക്കുന്നതിനായി ശുചിത്വമിഷന്റെ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക്ക് ഫൗണ്ടേഷൻ,ആലുവ എന്ന സ്ഥാപനത്തിനെ നഗരസഭ ചുമതലപ്പെടുത്തി.720-റിംഗ് കംമ്പോസ്റ്റ് വിതരണം നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റനുസരിച്ച് മാത്രമായിരിക്കും നടപ്പിലാക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1.ജി.ഒ(എം.എസ്)17/2018 ത.സ്വ.ഭ.വ 02.02.2018-ലെ ഖണ്ഡിക 11.3- പ്രകാരം വാർഡ്സഭ യോഗം ചേർന്ന് ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നത് നിർബന്ധവ്യവസ്ഥയാണ്. എന്നാൽ ഈ പദ്ധതിയിൽ വാർഡ്സഭ തീരുമാനിച്ച് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് നിലവിലില്ല.

2. വാർഡ് സഭയുടെ നിയമപ്രകാരമുള്ള അംഗീകാരമില്ലാത്ത പ്രോജക്ടുകൾക്ക് ആസൂത്രണസമിതി അംഗീകാരം നല്കാൻ പാടില്ലാത്താണ്.ആയത് ഈ പദ്ധതിയിൽ പാലിച്ചിട്ടില്ല.

3.പദ്ധതി പ്രകാരം ഗുണഭോക്താക്കളിൽ ജൈവമാലിന്യസംസ്കരണത്തെപ്പറ്റി അവബോധം ഉണ്ടാക്കാൻവേണ്ടി ഗുണഭോക്താക്കൾക്ക് പ്രായോഗിക പരിശീലനം നല്കേണ്ടതുണ്ട്.എന്നാൽ ഇത്തരത്തിൽ ഒരു പരിശീലനപരിപാടി നഗരസഭ സംഘടിപ്പിച്ചിട്ടില്ല.

4.ഖരമാലിന്യസംസ്കരണ പദ്ധതിക്ക് സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തമാക്കുന്ന മാനദണ്ഡങ്ങൾ ഈ പദ്ധതിക്ക് ബാധകമാണ്.കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2-ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 3-ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാനപരിധി ബാധകവുമല്ല.അതൊടൊപ്പം അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന നല്കേണ്ടതുമാണ്.ഈ കാര്യങ്ങളൊന്നും തന്നെ പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല.

5.ഗുണഭോക്തൃ വിഹിതം വാങ്ങി അടവാക്കിയതിന്റെയോ,തുടർനടപടികൾ സ്വീകരിച്ചതിന്റെയോ രസീതികൾ,രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6.പദ്ധതി നടത്തിപ്പ് വേളയിൽ ശുചിത്വമിഷനിലേക്ക് നഗരസഭക്ക് മുൻകാലങ്ങളിൽ ലഭിച്ച ഫണ്ടുകൾ (ആകെ-4753527/-രൂപ പലിശ ഉൾപ്പെടെ)തിരിച്ചടിച്ചിട്ടുണ്ട്. കാലാകാലങ്ങളായി പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തുക ചെലവഴിക്കാതെ പാഴാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം.11-പ്രകാരം മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.മറുപടിയുടെ അഭാവത്തിൽ ചെലവഴിച്ച 286572/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-34 വല്ലം പഴയപാലം മുതൽ പുഴയിലേക്ക് പോകുന്ന തോടിൻറ പുനരുദ്ധാരണം

| | |
|---|---|
| പദ്ധതി | വല്ലം പഴയപാലം മുതൽ പുഴയിലേക്ക് പോകുന്ന തോടിന്റെ പുനരുദ്ധാരണം |
| പദ്ധതി നം | 204/19-20(s0184/18-19) |
| അടങ്കൽ | 300000/- |
| ചെലവ്/ബിൽ നം,തീ | 205310/-,03/05.04.2019 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നം | Pw1/fc/mf/184/17-18 |
| കൺവീനർ | ശ്രീ.അമീർ പുത്തരി,വല്ലം |
| കരാർ നം | 120/17-18,31.03.18 |
| അളവ് പുസ്തകം | 05/2017 |

നഗരസഭയുടെ 24,25 വാർഡുകളിലൂടെ ഒഴുകുന്ന തോടിൻറ ശുചീകരണവുമായി ബന്ധപ്പെട്ട പദ്ധതി നടത്തിപ്പിൽ വന്ന അപാകതകൾ ചുവടെ-

1.നഗരസഭ കൗൺസിലിന്റെ 11/01/2018-ലെ (9) നമ്പർ തീരുമാനപ്രകാരം മേൽ പ്രവർത്തി നഗരസഭ അംഗീകരിക്കുകയും നഗരസഭയുമായി കരാർ വെയ്ക്കുന്നതിന് ഗുണഭോക്തൃസമിതി കൺവീനർക്ക് മുനിസിപ്പൽ എഞ്ചിനീയർ 20.1.2018-ൽ കത്ത് നല്കുകയും ചെയ്യുു.എന്നാൽ കൺവീനർ 31.03.2018-ൽ മാത്രമാണ് നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്.

2. മേൽ പ്രവർത്തിക്കായുള്ള കൺവീനറായി ചുമതലയേറ്റ വ്യക്തി കമ്മിറ്റി രൂപീകരണ സമയത്തും, തുടർന്നും വിദേശത്തായിരുന്നുവെന്നും കൗൺസിലറും ഏതാനും ഉദ്യോഗസ്ഥരും ചേർന്നുള്ള ക്രമപ്രകാരമല്ലാത്ത പ്രവർത്തിയാണെന്നും കാണിച്ച്, 15.02.2018-ൽ നിധീഷ് മുരളി,പാട്ടുകുടി എന്ന വ്യക്തി നഗരസഭയിൽ പരാതി നല്കിയിട്ടുണ്ട്. 09.03.2018-ലെ സെക്ഷൻ ക്ലാർക്കിന്റെ കുറിപ്പും തുടർന്ന് അസി.എക്സി.എഞ്ചിനീയർ 12.03.2018-ൽ കൗൺസിലിന് കൈമാറാവുന്നതാണെന്ന് കാണിച്ച് എഴുതിയ കുറിപ്പും നിർദ്ദേശങ്ങളും, കൺവീനർ നഗരസഭയുമായി 31.03.2018-ൽ ഏർപ്പെട്ട കരാറും എല്ലാം തന്നെ 15.02.2018-ൽ ലഭിച്ച പരാതിയെ സാധൂകരിക്കുന്നതാണ്.

3. കൺവീനർ നഗരസഭയുമായി കരാറിൽ ഏർപ്പെട്ട ശേഷം 15.05.2018-ൽ തോട് വൃത്തിയാക്കാൻ ഹിറ്റാച്ചി പ്രവർത്തിപ്പിച്ചതിന് ജിജോ എന്ന വ്യക്തിക്ക് ഒരുലക്ഷം രൂപകൈമാറിയതിന്റെ വൗച്ചറും, 07.06.2018-ൽ ടി-വ്യക്തിക്കുതന്നെ 135000/-രൂപ കൈമാറിയതിന്റെ വൗച്ചറും ഫയലിനൊപ്പം ചേർത്തിട്ടുണ്ട്. ഇതിൽ നിന്നും വ്യക്തമാകുന്ന വസ്തുത കൺവീനറുടെ അഭാവത്തിലും ടി- വേല ബിനാമി വർക്കായി ചെയ്തുതീർത്തുവെന്നതാണ്.

4.അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികളെ കൊണ്ട് നടത്തി പൂർത്തീകരിക്കാവുന്ന പ്രവർത്തനങ്ങൾ മാത്രമേ മേൽ പ്രവർത്തിയിൽ നടത്തിയിട്ടുള്ളുവെന്ന് അളവ് പുസ്തകം ഐറ്റം 1,2 എന്നിവയിൽ നിന്നും വ്യക്തമാണ്.

5.തൊഴിലാളികളുടെ സേവനം ഉൾപ്പെടുത്തി ടി-പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. മസ്റ്ററോൾ എഴുതി സൂക്ഷിക്കുകയോ,ആയത് പരിപാലിക്കുന്നുവെന്ന് പദ്ധതിക്ക് മേൽനോട്ടം വഹിച്ച ഒരു ജീവനക്കാരനും, പദ്ധതി നടത്തിപ്പ് വേളയിൽ ഉറപ്പ് വരുത്തിയിട്ടില്ല.

6.പൊതുമരാമത്ത് പ്രവർത്തികൾ ഗുണഭോക്തൃ സമിതി വഴി നടത്തുന്നതിന് മുൻഗണന നല്കേണ്ടതാണെന്ന് പൊതുമരാമത്ത് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ജി.ഒ.(എം.എസ്)17/2018ത.സ്വ.ഭ.വ 02.02.2018-ലെ ഖണ്ഡിക 11.2(3എ) പ്രകാരം 50000/-രൂപയിൽ താഴെയുള്ള പ്രവർത്തികൾ മാത്രമേ ഗുണഭോക്തൃസമിതി വഴി നിർവ്വഹിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ടി-വ്യവസ്ഥ ഈ പദ്ധതിയിൽ പാലിച്ചിട്ടില്ല.

7.പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ 2018-19 മുതൽ2020-21 വരെയുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ 11.2(3)ഇ(iii) പ്രകാരം 5- ലക്ഷം രൂപവരെ എസ്റ്റിമേറ്റ് തുകവരുന്ന പ്രവർത്തികൾ ഈ-ടെണ്ടർ മുഖേനയോ/സാധാരണ ടെണ്ടർ മുഖേനയോ നടപ്പാക്കേണ്ടതാണ്.എന്നാൽ ടി-മാർഗ്ഗനിർദ്ദേശം ഈ പദ്ധതിക്കായി

പാലിച്ചിട്ടില്ല.ജെ.സി.ബി ഉപയോഗിച്ച് പ്രവർത്തി നടത്തുന്നതിന് കൺവീനർ വർക്കാക്കി പ്രവർത്തി നടത്തേണ്ടതില്ല,നഗരസഭ ഈ പ്രവർത്തി ടെണ്ടർ മുഖേന നടപ്പാക്കിയിരുന്നെങ്കിൽ മേൽ തുകയിലും കുറവ് തുകക്ക് പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കുമായിരുന്നു.ഓഡിറ്റ് എൻക്വയറി നം.43-പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത നിലനില്ക്കുന്നതിനാൽ ചെലവഴിച്ച 205310/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-35 പാറക്കുളം ചിറ നവീകരണം

| | |
|---|---|
| പദ്ധതി | പാറക്കുളം ചിറ നവീകരണം |
| പദ്ധതി നം | 278/19-20(s0216/17-18) |
| അടങ്കൽ | 300000/- |
| ചെലവ്/ബിൽ നം,തീ | 28876/-,213/16.01.20 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നം | Pw1/p/216/17 |
| കൺവീനർ | ശ്രീ.വിജീഷ് വിദ്യാധരൻ |
| കരാർ നം | 50/17-18,15.03.17 |
| അളവ് പുസ്തകം | 47/2016 |

നഗരസഭ 14-ാം വാർഡിലെ പാറക്കുളം പുനരുദ്ധാരണം എന്ന പദ്ധതി 2016-17- വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി കൺവീനർ വർക്കായി ആരംഭിക്കുകയും പ്രാദേശിക എതിർപ്പുകളെ തുടർന്ന് പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കാതെ ഉപേക്ഷിക്കുകയും ചെയ്തു.പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ-

1.പൊതുമരാമത്ത് പ്രവർത്തികൾ ഗുണഭോക്തൃ സമിതി വഴി നടത്തുന്നതിന് മുൻഗണന നല്കേണ്ടതാണെന്ന് പൊതുമരാമത്ത് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ജി.ഒ.(എം.എസ്)17/2018ത.സ്വ.ഭ.വ 02.02.2018-ലെ ഖണ്ഡിക 11.2(3എ) പ്രകാരം 50000/-രൂപയിൽ താഴെയുള്ള പ്രവർത്തികൾ മാത്രമേ ഗുണഭോക്തൃസമിതി വഴി നിർവ്വഹിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ടി-വ്യവസ്ഥ ഈ പദ്ധതിയിൽ പാലിച്ചിട്ടില്ല.

2.പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ 2018-19 മുതൽ2020-21 വരെയുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ 11.2(3)ഇ(iii) പ്രകാരം 5- ലക്ഷം രൂപവരെ എസ്റ്റിമേറ്റ് തുകവരുന്ന പ്രവർത്തികൾ ഈ-ടെണ്ടർ മുഖേനയോ/സാധാരണ ടെണ്ടർ മുഖേനയോ നടപ്പാക്കേണ്ടതാണ്.എന്നാൽ ടി-മാർഗ്ഗനിർദ്ദേശം ഈ പദ്ധതിക്കായി പാലിച്ചിട്ടില്ല.

3.പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ 2018-19 മുതൽ2020-21 വരെയുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ 11.2(3)ഇ(6) പ്രകാരം നിർമ്മാണ പ്രവർത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പ് വരുത്തുന്നതിനായി ഓരോ പ്രവർത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ ടി-പ്രവർത്തിയിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

4.ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഓരോ വർഷവും നടത്തുവാൻ ഉദ്ധേശിക്കുന്ന പൊതുമരാമത്ത് പണികളുടെ ലിസ്റ്റ് മുൻഗണനാക്രമത്തിൽ സാമ്പത്തികവർഷാരംഭത്തിൽ തയ്യാറാക്കണം.മരാമത്ത് ചട്ടം 3(1) വാർഡ്സഭ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ് ഈ ലിസ്റ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ടി-പദ്ധതി നടത്തിപ്പിലോ,തുടർപ്രവർത്തനത്തിലോ വാർഡ് സഭയുടേയോ/ പൊതുജനത്തിൻെറയോ യാതൊരുവിധ പിന്തുണയോ,സഹകരണമോ സാധ്യമായിട്ടില്ലായെന്ന് പദ്ധതി പൊതുജനപ്രതിഷേധം മൂലം ഉപേക്ഷിച്ച എന്നതിൽ നിന്നും വ്യക്തമാണ്.

5.അളവ് പുസ്തകം ഐറ്റം നം.2 ആയി ഉൾപ്പെടുത്തിയിട്ടുള്ള പാഴ്മരംവെട്ടിമാറ്റൽ/നീക്കംചെയ്യൽ എന്ന പ്രവർത്തിക്കും,

ഐറ്റം നം.6(E1) ആയി ഉൾപ്പെടുത്തിയിട്ടുള്ള മലിനജലം പമ്പ് ചെയ്ത് കുളം വറ്റിക്കൽ എന്ന പ്രവർത്തിക്കുമായിട്ടാണ് പദ്ധതിപണം ചെലവഴിച്ചിരിക്കുന്നത്.പ്രത്യേക ലക്ഷ്യങ്ങളൊന്നും ഇല്ലാതെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത്. പൊതുസമൂഹത്തിന് പ്രയോജനപ്രദമല്ലാത്ത പ്രവർത്തികൾ ആവിഷ്കരിക്കുകയും ആയത് നടപ്പിലാക്കുവാൻ ശ്രമിച്ച് പാതി വഴിയിൽ പദ്ധതി ഉപേക്ഷിക്കുകയും ചെയ്ത് പൊതുപണം പാഴാക്കിയത് ന്യായീകരിക്കത്തക്കതല്ല. പ്രതിഷേധം ശക്തമായപ്പോൾ ടി- പ്രദേശത്ത് മണ്ണിട്ട് നികത്തി അംഗൻവാടി നിർമ്മിക്കാം എന്ന നിർദ്ദേശം വച്ചതും പദ്ധതി നടത്തിപ്പിലെ ആസൂത്രണം ഇല്ലായ്മക്ക് പ്രധാന തെളിവായി വിലയിരുത്താവുന്നതാണ്. വ്യക്തമായ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും നിലനില്ക്കെതന്നെ പദ്ധതി നടപ്പിലാക്കുമ്പോൾ ആയത് പാലിക്കാതെ വരുന്നത് സർക്കാർ സംവിധാനങ്ങളോടുള്ള വെല്ലുവിളിയാണ്. അപാകത നിലനില്ക്കുന്നതിനാൽ ചെലവഴിച്ച 28876/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഓഡിറ്റ് എൻക്വയറി നം.42-പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-36 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ക്രമനം | - | - |
|---|---|---|
| 1 | പദ്ധതി | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റിസ്ഥാപിക്കൽ |
| | പദ്ധതി നം | S0310/19-20 |
| | അടങ്കൽ | 400000/- |
| | ചെലവ്/ബിൽ നം,തീ | 215516/- 140/25.11.2019,142 /25.11.2019,141/25. 11.2019,139/25.11.2019, 362/13.03.2020,363/ 13.03.2020,364/13.03.2020,365/ 13.03.2020, 202/31.12.2019. |
| | തുക കൈപ്പറ്റിയ സ്ഥാപനം | കേരള സ്റ്റേറ്റ് ഇല്ക്ടിസിറ്റി ബോർഡ് ലിമിറ്റഡ് |
| | നിർവ്വഹണം | സെക്രട്ടറി,നഗരസഭ |
| 2 | പദ്ധതി | മുല്ലയ്ക്കൽ കോളനി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| | പദ്ധതി നം | S0207/19-20 |
| | അടങ്കൽ | 83000/- |

| | |
|---|---|
| ചെലവ്/ബിൽ നം,തീ | 1-75000/-191207470/79600848304, 2-8000/-191207470 /79601485457=83000/- |
| തുക കൈപ്പറ്റിയ സ്ഥാപനം | കേരള വാട്ടർ അതോറിറ്റി |
| നിർവ്വഹണം | സെക്രട്ടറി,നഗരസഭ |

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇല്ക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,പെരുമ്പാവൂർ,കേരള വാട്ടർ അതോറിറ്റി, പെരുമ്പാവൂർ എന്നീ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിഉവരെ പദ്ധതി പൂർത്തീകരണം സാധ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.28 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികൾക്കായി ചെലവഴിച്ച 298516/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ടി-പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും, വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-37 ചെലവു രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1.

| | |
|---|---|
| പദ്ധതി | പെരുമ്പാവൂർ ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലേക്ക് ലാബ് ഉപകരണങ്ങൾ, കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ, ഫർണീച്ചർ, സ്പോർട്സ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ- |
| പദ്ധതി നം | S0283/19-20 |
| അടങ്കൽ | 150000/- |
| ചെലവ് | 149730/- |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ,ഗവൺമെൻറ് ഹൈസ്കൂൾ |

2.

| | |
|---|---|
| പദ്ധതി | ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ- |

| | |
|---|---|
| പദ്ധതി നം | So 284/19-20 |
| അടങ്കൽ | 95000/- |
| ചെലവ് | 95000/- |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ,ഗവൺമെൻറ് ഹൈസ്കൂൾ |

മേൽ സൂചന പ്രകാരം നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകളൊന്നും ഓഡിറ്റിനായി നാളിതുവരെയും നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട ഫയലുകൾ 30.07.2021- നകം നിർബന്ധമായും ഹാജരാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം 1997-ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ച് കത്ത് നല്കുകയും നിർവ്വഹണ ഉദ്യാഗസ്ഥയെ ഫോൺ മുഖേന ബന്ധപ്പെടുകയും ചെയ്യതിട്ടുള്ളതാണ്. ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കാത്തതിനാൽ മേൽ പദ്ധതിപ്രകാരം ചെലവഴിച്ച 244730.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-38 ടൗൺ ഹാളിലേക്ക് വഴിക്ക് സ്ഥലംഏറ്റെടുക്കൽ

| | |
|---|---|
| പദ്ധതി | ടൗൺ ഹാളിലേക്ക് വഴിക്ക് സ്ഥലംഏറ്റെടുക്കൽ |
| പദ്ധതി നം | So97/19-20(317/21-NEW)സ്പിൽ ഓവർ |
| അടങ്കൽ | 1006150/-,57269/-,2874715/- |
| ചെലവ്/ബിൽ നം,തീ | 72/13.08.2019,342/23.02.2021 |
| നിർവ്വഹണം | സെക്രട്ടറി,നഗരസഭ |

നഗരസഭ പെരുങ്കുളം പുഞ്ചയിൽ നിർമ്മിച്ചിരിക്കുന്ന പുതിയ ഇ.എം.എസ്.ടൗൺഹാളിലേക്ക് വഴി നിർമ്മിക്കുന്നതിനായി പെരുമ്പാവൂർ വില്ലേജ്, ബ്ലാക്ക് നമ്പർ 69 ,റീസർവ്വേ നമ്പർ 87-ൽ ഉൾപ്പെട്ട 1.62ആർ.സ്ഥലം നഗരസഭ(സ്ഥലവിലയിനത്തിൽ 2874715/-രൂപയും,കണ്ടിജന്റ് &എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഇനത്തിൽ 1006150/-രൂപയും,പത്രപരസ്യയിനത്തിൽ 57269/-രൂപയും ഉൾപ്പെടെ ആകെ 3938134/-രൂപയും) പൊന്നുംവില ഓഫീസർക്ക് തുടർ നടപടികൾക്കായി കൈമാറിയിട്ടുള്ളതും,മേൽ തുകകൾ ഈയിനത്തിൽ നഗരസഭ നാളിതുവരെ ചെലവഴിച്ചിട്ടുള്ളതുമാണ്. എന്നാൽ തുടർ നടപടികളുടെ ഭാഗമായി ടി-സ്ഥലം നഗരസഭയുടെ ആസ്തിയായി റവന്യൂ വകുപ്പിന്റെ രേഖകളിൽ ഉൾപ്പെടുത്തി പോക്കുവരവ് നടത്തുന്നതിനായി പെരുമ്പാവൂർ വില്ലേജ് ഓഫീസർക്ക് കത്ത് സമർപ്പിക്കുകയും, പൊന്നും വില നടപടിയിലൂടെ ഏറ്റെടുത്ത വസ്തു സർക്കാർ പുറമ്പോക്ക് ആക്കിയിട്ടുള്ളതായതിനാൽ സർക്കാർ പുറമ്പോക്ക് വസ്തു നഗരസഭയുടെ പേരിൽ പോക്ക് വരവ് ചെയ്യുതരാൻ സാധ്യമല്ലായെന്നുമാണ് പെരുമ്പാവൂർ വില്ലേജ് ഓഫീസർ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. നഗരസഭയുടെ സ്വന്തം പേരിലേക്ക് വസ്തു കൈമാറ്റം നടത്താനോ,നികുതിയടച്ച് ആധാരമാക്കി സ്വന്തം ആസ്തിയിലേക്ക് മുതൽ കൂട്ടാനോ നഗരസഭയ്ക്ക് നാളിതുവരെ സാധിച്ചിട്ടില്ല. മേൽ തുക ചെലവഴിച്ചിരിക്കുന്നത് നഗരസഭയെന്നിരിക്കെ ടി-വസ്തു സർക്കാർ പുറമ്പോക്കായി മാറിയതിന്റെ കാരണം വ്യക്തമല്ല. ഈ വിഷയം സംബന്ധിച്ച് വ്യക്തമായ മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.29- പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-39 സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും നഗരസഭ സംസ്ഥാന ഫണ്ടിലേക്ക് അടവാക്കിയത്

കേരള മുനിസിപ്പാലിറ്റി ആക്ട് 1994- സെക്ഷൻ 48(3)- പ്രകാരം സർക്കാർ നഗരസഭ സെക്രട്ടറിക്ക് കൊടുക്കുന്ന ശമ്പളവും അലവൻസുകളും,കൂടാതെ അവധികാല ശമ്പളവും പെൻഷൻ അംശദാനങ്ങളും നഗരസഭ സംസ്ഥാന ഫണ്ടിലേക്ക് മാസം തോറും അടവാക്കേണ്ടതാണ്. 2019-20- സാമ്പത്തിക വർഷത്തിൽ നഗരസഭ സെക്രട്ടറി ശമ്പളം, അലവൻസ് ഇനങ്ങളിൽ കൈപ്പറ്റിയ തുകക്ക് തുല്യമായ തുക നഗരസഭ സംസ്ഥാന ഫണ്ടിലേക്ക് നാളിതുവരെ അടവാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.4) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി-അപാകത പരിഹരിക്കേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 ലൈബ്രറി സെസ് കുടിശ്ശിക അടവാക്കുന്നത്

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാല സംഘം) ആക്ട് 1989- ലെ വകുപ്പ് 48 (1) പ്രകാരം നിശ്ചിത തുക വസ്തു നികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. കൂടാതെ The Kerala Decentralisation Of Powers Act. 2000 (Act 16 Of 2000) ഗ്രന്ഥശാലാ സംഘം ആക്ടിലെ വകുപ്പ് 48(1) പ്രകാരം ഈടാക്കിയ തുക 3- മാസത്തിനുള്ളിൽ നഗരസഭ ഒടുക്കിയില്ലെങ്കിൽ 2% പിഴ ഒടുക്കേണ്ടതാണ്. നഗരസഭയിലെ 2017-18 സാമ്പത്തിക വർഷത്തെ 2-ാം അർദ്ധ വർഷത്തെ ലൈബ്രറി സെസ് ഇനത്തിലെ തുക 11-3/20 വൗച്ചർ പ്രകാരം 1084832/- രൂപ 2.3.2020- ൽ മാത്രമാണ് അടവാക്കിയിരിക്കുന്നത്, വിശദവിവരം ചുവടെ-

| സാമ്പത്തിക വർഷം | അർദ്ധ വർഷം | ലൈബ്രറി സെസ് ഇനത്തിലെ തുക | അടവാക്കേണ്ട തീയതി | അടവാക്കിയ തീയതി | പിഴപലിശ |
|---|---|---|---|---|---|
| 2016-17 | 1st Half April-Sept | 347282/- | 2016 Dec 31നകം | ഫയലിൽ ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 2016-17 | 2nd Half Oct-Mar | വിവരം ലഭ്യമല്ല | 2017June 30 നകം | ഫയലിൽ ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 2017-18 | 1st Half | വിവരം ലഭ്യമല്ല | 2017 Dec 31 നകം | ഫയലിൽ ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 2017-18 | 2nd Half | 1084832/- | 2018 June 30 നകം | 02.03.2020 | ഈടാക്കിയില്ല |
| 2018-19 | 1st Half | വിവരം ലഭ്യമല്ല | 2018 Dec.31 നകം | ഫയലിൽ ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 2018-19 | 2nd Half | വിവരം ലഭ്യമല്ല | 2019 June 30 നകം | ഫയലിൽ ലഭ്യമല്ല | വിവരം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 2019-20 | 1st Half | വിവരം ലഭ്യമല്ല | 2019 Dec 31 നകം | ഫയലിൽ ലഭ്യമല്ല | വിവരം ലഭ്യമല്ല |

മേൽ പ്രസ്താവിച്ചിരിക്കുന്ന കാലയളവിലെ ലൈബ്രറി സെസ് ഇനത്തിലെ തുക അടവാക്കിയ വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.6-പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക ആക്ടിൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ അടവാക്കിയില്ലെങ്കിൽ ലൈബ്രറി കൗൺസിൽ ഡിമാൻറ് ചെയ്യുന്ന 2% പിഴ ഒടുക്കേണ്ടി വരും. പിഴയായി ഒടുക്കേണ്ടി വരുന്ന തുക ലൈബ്രറി സെസ്സ് അടവാക്കുവാൻ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി പരിഗണിക്കുന്നതായിരിക്കും. ലൈബ്രറി സെസ്സ് ഡിമാന്റ് ചെയ്യുന്ന മുറയ്ക്ക് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുവാൻ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-41 ഗ്രാൻറ് തുക വിനിയോഗിക്കാതെ തിരിച്ചടച്ച

ശുചിത്വമിഷനിലേക്ക് നഗരസഭക്ക് മുൻകാലങ്ങളിൽ ലഭിച്ച ഫണ്ടുകൾ ആകെ-4753527/-രൂപ (പലിശ ഉൾപ്പെടെ)തിരിച്ചടിച്ചിട്ടുണ്ട്. കാലാകാലങ്ങളായി പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തുക ചെലവഴിക്കാതെ പാഴാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.11-പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതി തുക പഴാക്കിയതിന് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-42 ബയോഗ്യാസ് പ്ലാൻറ് വിതരണം

| | |
|---|---|
| പദ്ധതി | ബയോഗ്യാസ് പ്ലാൻറ് വിതരണം |
| പദ്ധതി നം | S0306/19-20(സ്പിൽ ഓവർ) |
| അടങ്കൽ | 527000/- |
| ചെലവ്/ബിൽ നം,തീ | 1420/-2/8.8.19 |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ,നഗരസഭ |

ഗാർഹികജൈവഖരമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന്റെ ഭാഗമായി വീടുകൾതോറും സബ്സിഡിയോടെ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.2.5കി.ഗ്രാം(പ്രതിദിനം) ശേഷിയുള്ള FRP-ൽ നിർമ്മിച്ച വാട്ടർജാക്കറ്റ് ഇല്ലാത്ത പോർട്ടബിൾ ബയോഗ്യാസ് പ്ലാൻറും റിംഗ് കംമ്പോസ്റ്റും ലഭ്യമാക്കുന്നതിനായി ശുചിത്വമിഷന്റെ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക്ക് ഫൗണ്ടേഷൻ,ആലുവ എന്ന സ്ഥാപനത്തിനെ നഗരസഭ ചുമതലപ്പെടുത്തി. യൂണിറ്റിന് 8500/-രൂപ പ്രകാരം (62-ബയോഗ്യാസ് പ്ലാൻറ്) നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ നല്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റനുസരിച്ച് മാത്രമായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ജി.ഒ(എം.എസ്)17/2018 ത.സ്വ.ഭ.വ 02.02.2018 പ്രകാരം വാർഡ്സഭ യോഗം ചേർന്ന് ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നത് നിർബന്ധ വ്യവസ്ഥയാണ്. എന്നാൽ ഈ പദ്ധതിയിൽ വാർഡ്സഭ തീരുമാനിച്ച് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് നിലവിലില്ല.

2. വാർഡ് സഭയുടെ നിയമപ്രകാരമുള്ള അംഗീകാരമില്ലാത്ത പ്രോജക്ടുകൾക്ക് ആസൂത്രണസമിതി അംഗീകാരം നല്കാൻ പാടില്ലാത്തതാണ്. ആയത് ഈ പദ്ധതിയിൽ പാലിച്ചിട്ടില്ല.

3.പദ്ധതി പ്രകാരം ജൈവമാലിന്യസംസ്കരണത്തെപ്പറ്റി അവബോധം ഉണ്ടാക്കാൻവേണ്ടി ഗുണഭോക്താക്കൾക്ക് പ്രായോഗിക പരിശീലനം നല്കേണ്ടതുണ്ട്.എന്നാൽ ഇത്തരത്തിൽ ഒരു പരിശീലനപരിപാടി നഗരസഭയോ,പദ്ധതി ഏറ്റെടുത്ത ഏജൻസിയോ സംഘടിപ്പിച്ചിട്ടില്ല.

4.ഖരമാലിന്യസംസ്കരണ പദ്ധതിക്ക് സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തമാക്കുന്ന മാനദണ്ഡങ്ങൾ ഈ പദ്ധതിക്ക് ബാധകമാണ്. കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2-ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 3-ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാനപരിധി ബാധകവുമല്ല.അതൊടൊപ്പം അഞ്ച് സെന്റോ അതിൽ

കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന നല്കേണ്ടതുമാണ്. ഈ കാര്യങ്ങളൊന്നും തന്നെ പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല.

5.ഗുണഭോക്തൃ വിഹിതം വാങ്ങി അടവാക്കിയതിന്റെയോ, തുടർനടപടികൾ സ്വീകരിച്ചതിന്റെയോ രസീതികൾ,രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.10- പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-43 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ-പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖാ ലംഘനം

| | |
|---|---|
| പദ്ധതി | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (വികസന ഫണ്ട്-ജനറൽ) |
| പദ്ധതി നം | S0099/19-20 |
| അടങ്കൽ | 95000/- |
| ചെലവ്/ബിൽ നം,തീ | 95000/-,139/22.02.2019 |
| നിർവ്വഹണം | വെറ്റിനറി ഡോക്ടർ |

